# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചോക്കാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ എം പി എം 26/2232/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 01/11/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചോക്കാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചോക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചോക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ എം പി എം 26/2232/2023 തീയ്യതി: 01/11/2023

## മലപ്പുറം ജില്ലയിലെ ചോക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ചോക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-11-2022 മുതൽ 19-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-09-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ചിത്രലേഖ കെ.കെ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 20-09-2023 | 30-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-09-2023 | 30-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീ.അബ്ദുൽ ജലീൽ ടി.പി - ഓഡിറ്റ് ഓഫീസർ.(ഹ.ഗ്രേ)
2. ശ്രീ.രാമകൃഷ്ണൻ.ടി - സീനിയർ ഗ്രേഡ് ഓഡിറ്റർ
3. ശ്രീ.റഷീദ്.വി - സീനിയർ ഗ്രേഡ് ഓഡിറ്റർ
4. ശ്രീ. മുഹമ്മദ് നൗഷാദ് എ.കെ - ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഷൗക്കത്തലി ചൂരപ്പിലാൻ | പ്രസിഡന്റ് | 01-04-2022 | 14-12-2022 |
| ശ്രീ. രാമൻ തിരുത്തുമ്മൽ | പ്രസിഡന്റ് | 04-01-2023 | 31-03-2023 |
| ശ്രീമതി. സബിത | സെക്രട്ടറി | 01-04-2022 | 23-04-2022 |
| ശ്രീമതി.ബിന്ദു വി നായർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 24-04-2022 | 28-09-2022 |
| ശ്രീ. രവിശങ്കർ ടി.വി | സെക്രട്ടറി | 29-09-2022 | 31-03-2023 |
| ശ്രീമതി റൗഫ അബ്ദുൾ അസീസ് | പ്രസിഡന്റ് | 15-12-2022 | 03-01-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.രാജശ്രീ | അസി. സെക്രട്ടറി | 01-04-2022 | 23-04-2022 |
| ശ്രീമതി. ബിന്ദു വി നായർ | അസി. സെക്രട്ടറി | 24-04-2022 | 31-03-2023 |
| ശ്രീമതി. ഷൈനി കെ പോൾ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| ശ്രീമതി. എബിത ജോസഫ് | കൃഷി ഓഫീസർ | 01-04-2022 | 28-02-2023 |
| ശ്രീമതി. ലനീഷ എം | കൃഷി ഓഫീസർ | 01-03-2023 | 31-03-2023 |
| ഡോ. ജംഷീർ പി | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ. കുഞ്ഞിമുഹമ്മദ് | ഹെഡ് മാസ്റ്റർ | 01-04-2022 | 13-07-2022 |
| ശ്രീ. മുഹമ്മദ് മുസ്തഫ | ഹെഡ് മാസ്റ്റർ | 14-07-2022 | 31-03-2023 |
| ഡോ. മുനീർ എം | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2022 | 28-04-2022 |
| ഡോ. ബിനു പി.ടി | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 29-04-2022 | 31-03-2023 |
| ഡോ.ഷെമി പി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ. ഗീത വി | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ. ജയപ്രകാശ് കെ.വി | വി. ഇ. ഒ | 01-04-2022 | 23-05-2022 |
| ശ്രീ. സുനിൽ ആർ | വി. ഇ. ഒ | 24-05-2022 | 31-03-2023 |
| ശ്രീമതി. സജിത ടി.വി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 14-11-2022 |
| ശ്രീമതി. ദിവ്യ ജി.എൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 15-11-2022 | 23-01-2023 |
| ശ്രീമതി. നസീമ കെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 24-01-2023 | 31-03-2023 |
| ശ്രീ. ഉമൈസ് കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ. അബ്ദുൽ കാസിം | ഫിഷറീസ് ഓഫീസർ | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പര്‍ |
|---|---|---|
| 1 | ഓഡിറ്റ് സര്‍ട്ടിഫിക്കറ്റ് | 1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങള്‍ പ്രകാരമുള്ള എല്ലാ പത്രികകളും വാര്‍ഷിക കണക്കില്‍ ഉള്‍പ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ആസ്തി രജിസ്റ്റര്‍ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. | 1-1-2 |
| 4 | തേയ്മാനം നിശ്ചിത നിരക്കില്‍ കണക്കാക്കി ജേണല്‍ മുഖേന രേഖപ്പെടുത്തിയിട്ടില്ല. | 1-1-3 |
| 5 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുക വ്യത്യാസം | 1-1-4 |
| 6 | തൊഴിലുറപ്പ പദ്ധതിയില്‍ തുക വ്യത്യാസം | 1-1-5 |
| 7 | മൂന്നു വര്‍ഷത്തില്‍ അധികരിച്ച ഡെപ്പോസിറ്റ് തുകകള്‍ തനത്ഫണ്ടിലേക്ക് മുതല്‍ക്കൂട്ടുന്നില്ല. | 1-1-6 |
| 8 | വാര്‍ഷികകണക്ക്, എ സി ആര്‍ എന്നിവയില്‍ തുക വ്യത്യാസം | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക നില | 1-3 |
| 11 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 12 | പദ്ധതി അവലോകനം. | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്ഷേമപദ്ധതികള്‍ | 1-7 |
| 15 | ക്യാഷ് പരിശോധന | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 17 | മറ്റ് ഓഡിറ്റുകള്‍ നടത്തിയതിന്റെ വിവരം | 1-10 |
| 18 | തനത് വരുമാന സമാഹരണം - അവലോകനം. | 1-11 |
| 19 | നിക്ഷേപ പ്രവൃത്തികളി**ല്‍** ക്രമീകരിക്കാ**ന്‍** അവശേഷിക്കുന്നവയുടെ വിവരം സംബന്ധിച്ച് | 1-12 |
| 20 | ലൈസന്‍സ് ഫീസ് കുറവായി ഈടാക്കിയത് സംബന്ധിച്ച്. | 1-13 |
| 21 | ആരോഗ്യ പരിപാലനം പദ്ധതി- അധിക വാഹന വാടക നല്‍കി | 1-14 |
| 22 | മരുന്നുകള്‍ പൂര്‍ണ്ണമായും ലഭ്യമായില്ല | 1-15 |
| 23 | അതിദരിദ്രരുടെ വീട് നവീകരണം - നിര്‍മ്മാണം പൂര്‍ത്തീകരിച്ചില്ല. | 1-16 |
| 24 | ക്ലീന്‍ കേരള കമ്പനിക്ക് മാലിന്യം കയറ്റി അയക്കല്‍ - ജി എസ് ടി ഉള്‍പ്പെടെയുള്ള തുക അനുവദിച്ചു. | 1-17 |
| 25 | ലൈഫ് പദ്ധതി - ഭവന നിര്‍മ്മാണം പൂര്‍ത്തീകരിച്ചിട്ടില്ല. | 1-18 |

| | | |
|---|---|---|
| 26 | ഭിന്നശേഷിക്കാരായ കുട്ടികളുടെ കലാകായിക മേള – അർഹമായ യാത്രാ ബത്ത നൽകിയില്ല. | 1-19 |
| 27 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പും ബത്തയും - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. | 1-20 |
| 28 | മരുതങ്കാട് അംഗനവാടി നിർമ്മാണം പൂർത്തീകരിച്ചില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്. | 1-21 |
| 29 | വിവിധ വാർഡുകളിലെ ഡ്രൈനേജ് നിർമ്മാണം എന്ന പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. | 1-22 |
| 30 | പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല; നഷ്ടം 18756 രൂപ | 1-23 |
| 31 | ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകി; നഷ്ടം 4222 രൂപ | 1-24 |
| 32 | നിക്ഷേപ പ്രവൃത്തി; വിശദാംശം ലഭ്യമല്ല. | 1-25 |
| 33 | Plinth Belt കോൺക്രീറ്റിനുള്ള ഫോം വർക്കിന് അധികനിരക്ക് അനുവദിച്ചു. നഷ്ടം 3953 രൂപ | 1-26 |
| 34 | റോഡ് കോൺക്രീറ്റിന് അധികനിരക്ക് നൽകി; 13401 രൂപയുടെ അധികച്ചെലവ്. | 1-27 |
| 35 | സ്റ്റീൽ മേൽക്കൂര നിർമ്മാണത്തിന് അധിക നിരക്ക് നൽകി; നഷ്ടം 15113 രൂപ | 1-28 |
| 36 | ഹോമിയോ മരുന്ന് മുഴുവനും ലഭ്യമായില്ല. | 1-29 |
| 37 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി പദ്ധതി -രേഖകൾ ഹാജറാക്കിയില്ല. | 1-30 |
| 38 | വിവാഹ ധനസഹായം (എസ് സി )- സർക്കാർ നിർദ്ദേശം പാലിച്ചില്ല. | 1-31 |
| 39 | എസ് എസ് എ വിഹിതം അടവാക്കൽ - വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-32 |
| 40 | വിവിധ സർക്കാർ സ്കൂളുകളിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ പദ്ധതി - അപാകതകൾ | 1-33 |
| 41 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങൽ പദ്ധതി - അപാകതകൾ | 1-34 |
| 42 | സ്രാമ്പികല്ല് അങ്ങാടിയിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതി – അപാകതകൾ | 1-35 |
| 43 | തുല്യത പഠന പദ്ധതി- രേഖകൾ ലഭ്യമാക്കേണ്ടതാണ്. | 1-36 |
| 44 | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ ,ഫോട്ടോസ്റ്റാറ്റ് മെഷീൻ ഹൈസ്പീഡ് സ്കാനർ വാങ്ങൽ - പഴയ ഫോട്ടോസ്റ്റാറ്റ് മെഷീൻ ലേലം ചെയ്തില്ല | 1-37 |
| 45 | അസിസ്റ്റൻറ് എഞ്ചിനീയർക്ക് റീടെൻഷൻ തുക നൽകിയത് - തുക അർഹരായവർക്ക് നൽകിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-38 |

| | | |
|---|---|---|
| 46 | വിവിധ തനത് ഫണ്ട് ചെലവുകൾ - രേഖകൾ ലഭ്യമാക്കേണ്ടതാണ്. | 1-39 |
| 47 | തെരുവ് വിളക്ക് പരിപാലനം പദ്ധതി -അപാകതകൾ | 1-40 |
| 48 | റേഷൻകടകളിൽ നിന്നും ഗ്രാമപഞ്ചായത്ത് ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കുന്നില്ല | 1-41 |
| 49 | അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകളിൽ 1,02,310 രൂപ നീക്കിയിരിപ്പ് - കാഷ് ബുക്ക് ക്രമപ്രകാരം പരിപാലിക്കുന്നിൽ വീഴ്ച | 1-42 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | വിവിധ വാർഡുകളിലെ ഡ്രൈനേജ് നിർമാണം എന്ന പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ കാരണം 11195 രൂപയുടെ അധികച്ചെലവ്. | 3-1 |
| 2 | ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകി; നഷ്ടം 4222 രൂപ | 3-2 |
| 3 | റോഡ് കോൺക്രീറ്റിന് അധികനിരക്ക് നൽകി; 19379രൂപയുടെ അധികച്ചെലവ്. | 3-3 |
| 4 | സ്റ്റീൽ മേൽക്കൂര നിർമമ്ാണത്തിന് അധിക നിരക്ക് നൽകി; നഷ്ടം 15113 രൂപ | 3-4 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം. | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ ചെക്ക് വിവരങ്ങൾ. | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ. | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്. | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ. | 4-6 |
| 7 | ഓഡിറ്റ് റിക്കവറി. | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ. | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ് ) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റു ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ നിർദേശങ്ങളും പാലിക്കൽ നിർദേശങ്ങളും അനുസരിച്ച് ചോക്കാട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 20.7.2023 ലെ 4/1 നമ്പർ തീരുമാന പ്രകാരം തയ്യാറാക്കി 21.08.2023 തീയ്യതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിച്ചിട്ടുള്ള ചോക്കാട് ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയ്യതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii)C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും , അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, ചോക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

സ്ഥലം : മലപ്പുറം

തീയതി :

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

### 1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule )ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-1-3 തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കി ജേണൽ മുഖേന രേഖപ്പെടുത്തിയിട്ടില്ല.

ഫിക്സഡ് അസറ്റുകൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയ വർക്ക് ഷീറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

### 1-1-4 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുക വ്യത്യാസം

കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ ' Net Increase In Cash And Cash Equivalance ' ആയി രേഖപ്പെടുത്തിയ തുകയും (27018645) ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity ' (A+B+C) ആയി രേഖപ്പെടുത്തിയ തുകയും (27392522) തുല്യമല്ല.

## 1-1-5 തൊഴിലുറപ്പു പദ്ധതിയിൽ തുക വ്യത്യാസം

തൊഴിലുറപ്പു പദ്ധതിയിൽ മൊത്തം ചെലവുതുക ഷെഡ്യൂൾ 1-6 (Income And Expenditure Statement)പ്രകാരം 2,85,06,243 രൂപയാണ്(തൻവർഷം സൃഷ്ടിച്ച 46,56,327 രൂപയുടെ ആസ്തികൂടി ഉൾപ്പെട്ട തുകയാണിത്) എന്നാൽ സെക്രട്ടറി ലഭ്യമാക്കിയ കണക്ക് പ്രകാരം മൊത്തം ചെലവ് തുക 2,85,06,361 രൂപയാണ്. 118 രൂപ വ്യത്യാസം.

## 1-1-6 മൂന്നു വർഷത്തിൽ അധികരിച്ച ഡെപ്പോസിറ്റ് തുകകൾ തനത്ഫണ്ടിലേക്ക് മുതൽകൂട്ടുന്നില്ല.

മൂന്നു വർഷത്തിൽ അധികരിച്ച ഡെപ്പോസിറ്റ് തുകകൾ തനത്ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണെങ്കിലും ആയത് പാലിക്കുന്നില്ല. ഉദാ. ഇലക്ഷൻ ഡെപ്പോസിറ്റ് 94,500 രൂപ.

## 1-1-7 വാർഷികകണക്ക്, എ സി ആർ എന്നിവയിൽ തുക വ്യത്യാസം

താഴെ പറയും പ്രകാരം വിവിധ ഫണ്ടിനങ്ങളിൽ വാർഷികകണക്ക് ,ഗ്രാമപഞ്ചായത്ത് സെക്രട്ടറി സൂക്ഷിക്കുന്ന സ്പെഷ്യൽ എ സി ആർ എന്നിവയിൽ തുക വ്യത്യാസം

| ഇനം | എ സി ആർ പ്രകാരം ചെലവ് തുക | വാർഷികകണക്ക് പ്രകാരം ചെലവ് തുക | വ്യത്യാസം |
|---|---|---|---|
| Grants For Specific Purposes -Health Grant Towards Conversion Of PHCs And Subcenres Ino Health And Wellness Centres | മുന്നിരിപ്പ് - 0<br>വരവ് - 2,88,344<br>ആകെ - 2,88,344<br>ചെലവ് - 97,746<br>നീക്കിയിരിപ്പ് - 1,90,598 | മുന്നിരിപ്പ് - 0<br>വരവ് - 5,73,344(RP 30)<br>ആകെ - 5,73,344<br>ചെലവ് - 97,746<br>നീക്കിയിരിപ്പ് - 4,75,598<br>എന്നാൽ ഷെഡ്യൂൾ B4 ൽ നീക്കിയിരിപ്പ് - 1,90,598 | 2,85,000 (4,75,598-1,90,598) |
| Grant, Funds And Contributions For Specific Purposes -Other Goverment Agencies | മുന്നിരിപ്പ് - 10,98,788<br>വരവ് - 0<br>ആകെ - 10,98,788<br>ചെലവ് - 0<br>നീക്കിയിരിപ്പ് - 10,98,788 | മുന്നിരിപ്പ് - 10,98,788 (മുൻ AFS പ്രകാരം)<br>വരവ് - 4,06,733(RP 30)<br>ആകെ - 15,05,521<br>ചെലവ് - 0<br>നീക്കിയിരിപ്പ് - 15,05,521<br>എന്നാൽ ഷെഡ്യൂൾ B4 ൽ നീക്കിയിരിപ്പ് - 10,98,788 | 4,06,733<br>(10,98,788-15,05,521) |

## 1-2 ബജറ്റ്

| 2022 -23 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|

| | |
|---|---|
| 1(1)/24-03-2022 | 6(1)/07-03-2023 |

## 1-3 സാമ്പത്തിക നില

| | |
|---|---|
| മുന്നിരിപ്പ് | 36836171.4 |
| വരവ് | 212672534 |
| ആകെ | 249508705.4 |
| ചെലവ് | 185653889 |
| നീക്കിയിരിപ്പ് | 63854816.40 |

മുൻവർഷത്തെ കാഷ് ബാലൻസ് 36836151.40 മുന്നിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 00 | 35012238 | 35012238 | 33872475 | 1139763 |
| വികസനഫണ്ട് (എസ്.സി.പി) | 00 | 4645632 | 4645632 | 4644816 | 816 |
| വികസനഫണ്ട് (ടി.എസ്.പി) | 00 | 1513407 | 1513407 | 1513107 | 300 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 00 | 8090000 | 8090000 | 3022594 | 5067406 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 00 | 7473000 | 7473000 | 6006209 | 1466791 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- Tied | 00 | 13502285 | 13502285 | 3251958 | 10250327 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- Untied | 00 | 5938873 | 5938873 | 4571573 | 1367300 |
| ബി ഫണ്ട് | 00 | 48733720 | 48733720 | 48733720 | 00 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 235 | 167419782 | 179 | 91025691 | - | 56 | 76.17 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 3481.5 | 873741 | 877222.5 | 118 | 877104.5 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 28506125 | 28506125 | 28506125 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 720 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 983000 | 96 |
| വിധവാപെൻഷൻ | 16419200 | 1485 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 24558000 | 2365 |
| വികലാംഗപെൻഷൻ | 5700400 | 520 |
| വിവാഹ ധനസഹായം | 450000 | 15 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 622400 | 55 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.09.2023 ന് 10.45 മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 27119/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം പ്രതി വർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല.
ജി.ഒ(എം.എസ്)നം10/2017/ത.സ്വ.ഭ.വ തീയതി 09-01-2019 പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ പ്രൊജക്ടുകളുടെ മോണിറ്ററിംഗ് നടത്തേണ്ടതാണ്.
2. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം മൂന്നു തവണയിലധികം യോഗം ചേരുന്നതിൽ ഒതുങ്ങുന്നു. പദ്ധതികളുടെ ഫലപ്രദമായ മോണിറ്ററിംഗ് നടക്കുന്നില്ല.
3)സ്ട്രീറ്റ് ലൈറ്റ് സംബന്ധിച്ച പ്രവൃത്തികളിൽ KSEBയിൽ നിന്നുള്ള സമ്മതപത്രം/സൂപ്പർ വിഷൻ രേഖകൾ ലഭ്യമാക്കി സൂക്ഷിക്കുന്നില്ല.സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകളുടെ വിവരവും രജിസ്റ്ററിൽ ലഭ്യമല്ല.
4) കമ്പ്യൂട്ടർ പ്രിന്ററുകൾ,യു പി എസ്,മൗസ്, തുടങ്ങിയ ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
5) മൂന്നു വർഷത്തിലധികമായ നിക്ഷേപങ്ങൾ തനത്ഫണ്ടിലേക്ക് മുതൽക്കൂട്ടാൻ നടപടി സ്വീകരിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.11.2022 | 10/2022 | 28.11.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.08.2023 | 04/2018 മുതൽ 03/2023 വരെ | ലഭ്യമായിട്ടില്ല |

## 1-11 തനത് വരുമാന സമാഹരണം - അവലോകനം.

തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി ചോക്കാട് ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളും ആയതിന്റെ പുരോഗതിയും പരിശോധിച്ച് തയ്യാറാക്കിയ അവലോകനം.

1). ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം.

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാനുതകുന്ന വിധത്തിലുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ ഉയർന്ന് വന്നിട്ടില്ല. നികുതി പിരിവിന്റെ പുരോഗതി വിവരം, പൊളിച്ചു കളഞ്ഞ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, വരവ്-ചെലവ് കണക്കുകളുടെ അംഗീകാരം എന്നിവയാണ് പ്രധാനമായും അജണ്ടയായി ഉൾപ്പെടുത്തിയിട്ടുള്ളത്. 06.05.22ലെ രണ്ടാം നമ്പർ തീരുമാനം പ്രകാരം ഘടനാപരമായ മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ നികുതി പുതുക്കി നിർണ്ണയിക്കുന്നതിന് ജീവനക്കാരെ ചുമതലപ്പെടുത്തുന്നതിന് നിർദ്ദേശിക്കുന്നതിനും തുടർന്ന് വസ്തു നികുതി ഉൾപ്പടെ നികുതി പിരിവ് 100% ആക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ ഈ തീരുമാനങ്ങൾ നടപ്പിലാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല. ഓഡിറ്റ് വർഷത്തിൽ 15 തവണയാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നതെങ്കിലും ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഒടുക്കാതെ പ്രവർത്തിച്ച് വരുന്ന സ്ഥാപനങ്ങളിൽ നിന്നും ആയവ പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് ലൈസൻസ് അദാലത്ത്

നടത്തുന്നത് പോലുള്ള നടപടികൾ സ്വീകരിക്കുന്നതിനോ പുതിയ തനത് വരുമാന മേഖലകൾ കണ്ടെത്തുന്നതിനോ ഉള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ മുന്നോട്ട് വെച്ചിട്ടില്ല.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നമ്പർ. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാർ സ്ഥാപനങ്ങളും നികുതി വരുമാനത്തിന്റെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി, മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണെന്നും, ക്രമ നമ്പർ. 3 പ്രകാരം നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം നടപടികളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ പഞ്ചായത്ത് ഭരണസമിതിയോ കൈക്കൊണ്ടതായി കാണുന്നില്ല.

വസ്തുനികുതി.

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ചോക്കാട് ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1). നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തി കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

2). നിലവിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്ന അന്തിമ തീരുമാനം എടുക്കുന്നതിനു മുന്നോടിയായി അതിന്റെ ഉദ്ദേശത്തെ സംബന്ധിച്ചും നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയും നിരക്കുകളും കാണിച്ചു കൊണ്ടും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള നോട്ടീസ് (പ്രാഥമിക നോട്ടീസ്) 23.05.2023 ലെ 13(1) നമ്പർ പഞ്ചായത്ത് ഭരണസമിതി തീരുമാനം പ്രകാരം പരസ്യപ്പെടുത്തിയിട്ടുണ്ട്. സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നു കൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി, മറ്റു പ്രത്യേകതകൾ എന്നിവ പരിഗണിച്ചാണ് ഓരോ കെട്ടിട വിഭാഗത്തിന്റേയും അടിസ്ഥാന നിരക്ക് വിജ്ഞാപനം ചെയ്യേണ്ടത്. എന്നാൽ ഏറ്റവും കുറഞ്ഞ നിരക്കും ഏറ്റവും കൂടിയ നിരക്കും നിശ്ചയിച്ചു കൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവിലെ (സ.ഉ.(അച്ചടി) നം.25/2023/LSGD തീയതി.05.04.2023) ഏറ്റവും ഏറ്റവും കുറഞ്ഞതോ നേരിയ വർദ്ധനവ് ചെയ്തതോ ആയ നിരക്കാണ് ഭൂരിപക്ഷം കെട്ടിടങ്ങൾക്കും നിരക്ക് നിശ്ചയിച്ച് പ്രാഥമിക നോട്ടീസ് പുറപ്പെടുവിച്ചിട്ടുള്ളത്.

3). മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് സംബന്ധിച്ച് ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള പഞ്ചായത്ത് ഭരണസമിതി യോഗം തീരുമാനമോ നോട്ടീസോ പരസ്യപ്പെടുത്തിയിട്ടില്ല. പ്രദേശത്തിന്റെ വികസന സ്ഥിതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ഒന്നാം പട്ടികയിൽ പറയുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചാണ് മേഖലകൾ തരം തിരിക്കേണ്ടതും ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ മേഖല വിഭജനം, റോഡുകളുടെ തരംതിരിവ് എന്നിവ സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല.

4). മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് എന്നിവയുടെ അന്തിമ വിജ്ഞാപനം 30.06.2023 ന് മുമ്പായി പുറപ്പെടുവിക്കേണ്ടതായിരുന്നുവെങ്കിലും ആയത് പുറപ്പെടുവിച്ചിട്ടില്ല.

5). പുതുക്കിയ വസ്തുനികുതി നിരക്കിന്റെ അന്തിമ വിജ്ഞാപനം പഞ്ചായത്ത് ഭരണസമിതി നാളിതുവരെ പാസ്സാക്കുകയോ പരസ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

6). വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമക്ക് 2023 മെയ് 15 നകം ഫോറം 9 B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ലഭിച്ച 525 അപേക്ഷകളിൽ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം

പൂർത്തീകരിക്കേണ്ടതായിരുന്നു. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ ടി ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ ടി ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതാണ്. എന്നാൽ ഇത്തരത്തിൽ താത്കാലിക ഓവർസിയർമാരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

സേവന ഉപനികുതി

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലൂടെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

ചോക്കാട് ഗ്രാമപഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല. തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കേണ്ടതാണ്.

കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ നിന്നുള്ള സർവ്വീസ് ചാർജ്.

ചോക്കാട് ഗ്രാമപഞ്ചായത്തിൽ കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ ഇല്ല.

തൊഴിൽ നികുതി

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു-

1. കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

വാർഷിക കണക്ക്/ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം തൊഴിൽ നികുതി ട്രേഡേഴ്സ് ഇനത്തിൽ 158870 രൂപയാണ് വരവ്. ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ആകെ 228 സ്ഥാപനങ്ങളും, ലൈസൻസ് രജിസ്റ്റർ പ്രകാരം ആകെ 268 സ്ഥാപനങ്ങളുമുണ്ട്. എന്നാൽ ഇത് പ്രകാരമുള്ള എല്ലാ സ്ഥാപനങ്ങളിലും ഒരു തൊഴിലാളിയെങ്കിലും ഉണ്ടായിരിക്കുമെങ്കിലും ഇത്തരം എല്ലാ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിലാളികളുടെ തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

2. കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13 പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാരനോടും മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനേയോ, കലയേയോ, ഉദ്യോഗത്തേയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല.

ലൈസൻസ് ഫീസ്.

2022-23 സാമ്പത്തിക വർഷത്തിൽ 268 സ്ഥാപനങ്ങളിൽ നിന്നായി 97,300/- രൂപയാണ് ലൈസൻസ് ഫീസ് ഇനത്തിൽ ലഭിച്ചിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റിൽ ലൈസൻസ് നൽകിയ സ്ഥാപനങ്ങൾ തന്നെ പൂർണ്ണമായും ഉൾപ്പെട്ടിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമാക്കേണ്ടതും ലൈസൻസ് എടുക്കേണ്ടുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്നും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ലൈസൻസ് ഫീസ് ഇനത്തിൽ പൂർണ്ണമായ വരവ് ലഭ്യമാകുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 20/2022-23/29.09.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-12 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്നവയുടെ വിവരം സംബന്ധിച്ച്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡെപ്പോസിറ്റ് ചെയ്യുകയാണ് ചെയ്തുവരുന്നത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡിപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/മൂല്യനിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

ചോക്കാട് ഗ്രാമപഞ്ചായത്തിൽ 12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ ഡിപ്പോസിറ്റ് ചെയ്ത / ക്രമീകരിക്കാൻ അവശേഷിക്കുന്നവ പരിശോധനയിൽ കണ്ടെത്തിയില്ല.അപ്രകാരം ഉള്ളവ അടിയന്തിരമായി ലഭ്യമാക്കുവാൻ നിർദ്ദേശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (ഓഡിറ്റ് എൻക്വയറി നം. 17/22-23/29.09.23)മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തിൽ 12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ ഡിപ്പോസിറ്റ് ചെയ്ത / ക്രമീകരിക്കാൻ അവശേഷിക്കുന്നവ ഉള്ളപക്ഷം ആയത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-13 ലൈസൻസ് ഫീസ് കുറവായി ഈടാക്കിയത് സംബന്ധിച്ച്.

1996ലെ കേരള പഞ്ചായത്ത് രാജ് നിയമം ( വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ ചട്ടം 7 , പട്ടിക രണ്ടിൽ ലൈസൻസ് ഫീസ് ഇനത്തിൽ ഈടാക്കാവുന്ന ഫീസ് സംബന്ധിച്ച പുതുക്കിയ നിരക്കുകൾ (31.10.2017ലെ ഭേതഗതി ചട്ടങ്ങൾ പ്രകാരം) വ്യക്തമാക്കിയിട്ടുള്ളതാണ്.

ആസ്പിൻ വാൾ & കമ്പനിക്ക് ഗ്രാമപഞ്ചായത്തിലെ 11/108 നമ്പർ കെട്ടിടത്തിൽ 398.5 HP മോട്ടോർ ഉപയോഗിച്ച് റബർ പാൽ സംസ്കരിക്കുന്നതിന്C-3-1543/2022-28 നമ്പർ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. അപേക്ഷയിൽ നിർമ്മാണ മേഖലയിലായി 4556290/- രൂപയാണ് മൂലധന നിക്ഷേപമായി രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് പ്രകാരം 4000/- രൂപയാണ് 800438/22.02.22 നമ്പർ രസീത് പ്രകാരം ഈടാക്കിയിട്ടുള്ളത്. എന്നാൽ അപേക്ഷയോടൊപ്പം സമർപ്പിച്ച പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ, 30.06.2023വരെ കാലാവധിയുണ്ടായിരുന്ന PCB/RO/MLPM/ICO-R3/2019/ 17.07.19 നമ്പർ സർട്ടിഫിക്കറ്റിൽ 321.89 ലക്ഷം ആണ് മൂലധന നിക്ഷേപം രേഖപ്പെടുത്തിയിരിക്കുന്നത്. ആയത് പ്രകാരം 5000/- രൂപ ലൈസൻസ് ഫീസ് ഈടാക്കേണ്ടതായിരുന്നു. 1000/- രൂപ ലൈസൻസ് ഫീസ് ഇനത്തിൽ കുറവായി ഈടാക്കിയതായി കണ്ടു.

അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും കുറവ് വന്ന തുക ഈടാക്കി അറിയിക്കുന്നതിനും ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.11/2022-23/27.09.23ന് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ, കുറവ് വന്ന 1000/- രൂപ 1231100306/29.09.23 പ്രകാരം ഈടാക്കിയതായി അറിയിച്ചു. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 ആരോഗ്യ പരിപാലനം പദ്ധതി- അധിക വാഹന വാടക നൽകി

പദ്ധതി - 09/23-ആരോഗ്യ പരിപാലനം

നിർവ്വഹണം - മെഡിക്കൽ ഓഫീസർ-എഫ്.എച്ച്.സി

അടങ്കൽ - 2,00,000/-(വികസന ഫണ്ട് ജനറൽ)

ചെലവ് - 1,71,008/-

| ക്രമ നം | ബിൽ നം/തിയതി | തുക |
|---|---|---|

| | | |
|---|---|---|
| 1 | 07/15.10.22 | 9050 |
| 2 | 09/15.10.22 | 79183 |
| 3 | 12/22.11.22 | 16449 |
| 4 | 17/31.12.22 | 13081 |
| 5 | 20/25.01.23 | 12540 |
| 6 | 28/20.02.23 | 14934 |
| 7 | 33/31.03.23 | 25771 |
| ആകെ | | 171008 |

ഈ പദ്ധതിയുടെ ഭാഗമായി, ചോക്കാട് ഫാമിലി ഹെൽത്ത് സെന്ററിന് കീഴിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ നടക്കുന്ന ഫീൽഡ് തല രോഗപ്രതിരോധ കുത്തിവെപ്പ് പദ്ധതിക്ക്, ഒരു ദിവസം പരമാവധി 35കി.മീ വരെ ഓടുന്നതിന് വേണ്ടി വെയിറ്റിംഗ് ചാർജ്ജ് ഉൾപ്പടെയുള്ള തുകക്ക് വാഹനം ലഭ്യമാക്കുന്നതിന് മെഡിക്കൽ ഓഫീസറുടെ 03.03.2022ലെ 130/2022 നമ്പർ ക്വട്ടേഷൻ നോട്ടീസ് പുറപ്പെടുവിക്കുകയും, ലഭ്യമായ ക്വട്ടേഷനുകളിൽ കുറഞ്ഞ തുകയായ 1049/- രേഖപ്പെടുത്തിയ ശ്രീ. നജ്മുദ്ധീൻ ടി എന്നവരുടെ ക്വട്ടേഷൻ ഭരണസമിതി 06.04.2022ലെ 1/3 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ടിയാനുമായി കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്(ക്വട്ടേഷൻ നോട്ടീസിൽ 35 വരെ എന്നും, കരാറിൽ 30കി.മീ വരെ ഓടുന്നതിന് എന്നുമാണ് രേഖപ്പെടുത്തിയത് എങ്കിലും പരമാവധി 35 കി.മീ വരെ 1045 രൂപ നിരക്കിലാണ് KL 46 H 7339 നമ്പർ വാഹനത്തിന്റെ വാടകയിനത്തിൽ ശ്രീ.നജ്മുദ്ധീൻ എന്നവർക്ക് തുക അനുവദിക്കുന്നത്).

ക്വട്ടേഷൻ പ്രകാരം ചോക്കാട് ഫാമിലി ഹെൽത്ത് സെന്ററിന് കീഴിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ നടക്കുന്ന ഫീൽഡ് തല രോഗപ്രതിരോധ കുത്തിവെപ്പ് ആവശ്യങ്ങൾക്കാണ് വാഹനം ഓടുന്നത് എങ്കിലും, കുത്തിവെപ്പിനായി ഗ്രാമപഞ്ചായത്തിലെ സ്ഥലങ്ങളിൽ ഓടിയ ശേഷവും അല്ലാതെയുമായി ചില ദിവസങ്ങളിൽ മരുന്നുകളും വാക്സിനുകളും കൊണ്ടു വരുന്നതിനായി വണ്ടൂർ, മഞ്ചേരി, മലപ്പുറം തുടങ്ങിയ സ്ഥലങ്ങളിലേക്കും വാഹനം ഓടിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ വിവിധ ഇടങ്ങളിൽ കുത്തിവെപ്പിനായി ഓടുന്ന ട്രിപ്പുകളിലൊന്നും തന്നെ ട്രിപ്പ് ഷീറ്റുകളിൽ വാഹനം ഓടിയ ദൂരം രേഖപ്പെടുത്തുന്നില്ല. ഇത്തരം ദിവസങ്ങളിൽ വാഹനത്തിന് രണ്ട് ദിവസ വാടകയും(1045+1045) ഗ്രാമപഞ്ചായത്തിന് പുറത്തേക്ക് ഓടിയ ദൂരത്തിൽ 35 കി.മീ കഴിച്ചുള്ള ദൂരത്തിന് ഒരു കിലോമീറ്ററിന് 18 രൂപ നിരക്കിലും വാടക അനുവദിക്കുകയാണ് ചെയ്തത്. ദിവസ വാടകക്ക് പകരം ട്രിപ്പ് വാടക എന്ന രീതിയിലാണ് വാടക അനുവദിച്ചിരിക്കുന്നത്. 35 കി.മീറ്ററിൽ അധികരിച്ച ഓട്ടത്തിനുള്ള വാടക എത്രയെന്നത് ക്വട്ടേഷനിലോ കരാറിലോ പരാമർശിച്ചിട്ടില്ല എന്ന അപാകതയും നില നിൽക്കുന്നു.

യഥാർത്ഥത്തിൽ വാഹനം ഒരു ദിവസം ആകെ ഓടുന്ന ദൂരം കണക്കാക്കി ക്വട്ടേഷൻ പ്രകാരമുള്ള ഒരു ദിവസ വാടകയും (1045), 35 കിലോ മീറ്ററിൽ അധികരിച്ച ദൂരം ഓടിയിട്ടുണ്ടെങ്കിൽ ആയതിന് ഒരു കിലോമീറ്ററിന് 18 രൂപ നിരക്കിൽ വാടകയും അനുവദിക്കുകയാണ് ചെയ്യേണ്ടിയിരുന്നത് . എന്നാൽ ട്രിപ്പ് ഷീറ്റുകളിൽ ഓടിയ ദൂരം രേഖപ്പെടുത്താതെ ഒരേ ദിവസങ്ങളിൽ രണ്ട് വാഹന വാടക അനുവദിച്ചത് അംഗീകരിക്കാവുന്നതല്ല. അധിക തുക അനുവദിച്ചതിന്റെ വിശദാംശങ്ങൾചുവടെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നം/ തിയതി | ട്രിപ്പിന്റെ വിവരം | ഓടിയ ദൂരം | അനുവദിച്ച വാടക | കുറിപ്പ്/അപാകത |
|---|---|---|---|---|---|
| 1 | 1/04.04.22 | സ്രാമ്പിക്കല്ല്- പുല്ലങ്കോട് AW (09.45AM) | - | 1045 | ഒരോ തിയ്യതികളിലും ആകെ 2090 രൂപ വീതം അനുവദിച്ചു. ട്രിപ്പ് ഷീറ്റിൽ ദൂരം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ അതത് തിയ്യതികളിലെ രണ്ട് ട്രിപ്പിനും കൂടി ഓടിയ ദൂരം നിർണ്ണയിച്ച് അധികം നൽകിയ വാടക കണക്കാക്കി തിരികെ ഈടാക്കേണ്ടതുണ്ട്. |
| | 2/04.04.22 | വണ്ടൂർ താലൂക്ക് ആശുപത്രി (01.30 PM) | - | 1045 | |
| 2 | 5/08.04.22 | പനക്കപ്പാടം AW (09.00AM) | - | 1045 | |
| | 6/08.04.22 | വണ്ടൂർ താലൂക്ക് ആശുപത്രി(01.30PM) | - | 1045 | |
| 3 | 53/17.08.22 | GUPS ചോക്കാട് (09.00AM) | - | 1045 | |
| | 54/17.08.22 | വണ്ടൂർ താലൂക്ക് | - | 1045 | |

| | | | | | |
|---|---|---|---|---|---|
| | | ആശുപത്രി (02.00PM) | | | |
| 4 | 67/19.09.22 | പാറൽ മമ്പാട്ടുമൂല സ്കൂൾ (09.45AM) | - | 1045 | ഒരു ദിവസ വാടകയും(1045) അധികമായി വരുന്ന ദൂരത്തിന് കി.മീ-ന് 18 രൂപ നിരക്കിലും വാടക അനുവദിക്കുന്നതിന് പകരം ആകെ 2936/- രൂപ അനുവദിച്ചു. 67 നമ്പർ വൗച്ചർ പ്രകാരമുള്ള ദൂരം കണക്കാക്കി അധിക വാടക തിരികെ ഈടാക്കേണ്ടതുണ്ട്. |
| | 68/19.09.22 | മഞ്ചേരി (02.00PM) | 82 | 1891/-(1045+((82-35)x18)) | |
| 5 | 09/21.10.22 | മമ്പാട്ടുമൂല-കൊട്ടപ്പുഴ-കല്ലാമൂല-ചോക്കാട് 9.15 AM | - | 1045 | ക്വട്ടേഷൻ പ്രകാരമുള്ള വാഹനം ഉണ്ടായിട്ടും ആയത് ഓടുന്ന ദിവസങ്ങളിലും മറ്റ് വാഹനങ്ങൾ കൂടി ഈ പദ്ധതിക്കായി ഓടിയതായി കാണുന്നു. ഈ വാഹനങ്ങളുടെ വാടക അനുവദിച്ചതും ശ്രീ. നജ്മുദ്ധീൻ എന്നവർക്കാണ്. പദ്ധതിക്കായുള്ള വാഹനം ഉണ്ടായിരിക്കെ വീണ്ടും മറ്റൊരു വാഹനം കൂടി വാടകക്കെടുത്ത് ഓടിയതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്. |
| | 10/21.10.22 | മാളിയേക്കൽ-പാറമ്മൽ-സ്രാമ്പിക്കല്ല്... 9.30AM (KL48D 7070 വാഹനം-ഡ്രൈവർ-ഉബൈദുള്ള) | - | 1045 | |
| 6 | 11/22.10.22 | വണ്ടൂർ TH-കരുവാരക്കുണ്ട് CHC (9.00AM-10.30AM) | 78 | 1819/-(1045+((78-35)x18)) | |
| | 12/22.10.22 | കൊട്ടപ്പുഴ-കേളുനായർപ്പടി-കല്ലാമൂല(9.40AM) (KL 48-6249 വാഹനം, ഡ്രൈവർ -അബ്ദുൽ റഷീദ്) | - | 1045 | |
| 7 | 02/05.12.22 | വണ്ടൂർ താലൂക്ക് ആശുപത്രി(02.00PM) | - | 1045 | രണ്ടും ഒരേ റൂട്ടിലുള്ള സ്ഥലങ്ങളായിട്ടും ആകെ 2090 രൂപ അനുവദിച്ചു. ട്രിപ്പ് ഷീറ്റിൽ ദൂരം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ രണ്ട് ട്രിപ്പിനും കൂടി ഓടിയ ദൂരം നിർണ്ണയിച്ച് അധികം നൽകിയ വാടക കണക്കാക്കി തിരികെ ഈടാക്കേണ്ടതുണ്ട്. |
| | 03/05.12.22 | മഞ്ചപ്പെട്ടി | - | 1045 | |
| 8 | 02/11.01.23 | വണ്ടൂർ താലൂക്ക് ആശുപത്രി(3.15PM) | - | 1045 | രാവിലെ മഞ്ചേരിയും ഉച്ചക്ക് വണ്ടൂരും പോയതിനാണ് ആകെ 3206/- രൂപ അനുവദിച്ചത്. രണ്ട് സ്ഥലങ്ങളും ഒരേ റൂട്ടിലായതിനാൽ ഒരു ദിവസ വാടകയും(1045) അധികമായി വരുന്ന 96-35=61 കി.മീ., 61x18=1098 രൂപയും ചേർത്ത് ആകെ 2143/- രൂപ അനുവദിക്കുന്നതിന് പകരം അന്നേ ദിവസം 3206-2143=1063 രൂപ അധികം വാടക അനുവദിച്ചത് ഈടാക്കേണ്ടതുണ്ട്. |
| | 03/11.01.23 | KMSCL മഞ്ചേരി(10.00AM) | 96 | 2161/-(1045+((96-35)x18)) | |

പട്ടികയിലെ ക്രമ നം. 1 മുതൽ 4 വരെയുള്ള തുകകൾ അനുവദിച്ചത് ബിൽ നം.09/15.10.22തുകയിൽ നിന്നും, ക്രമ നം 5,6 തുകകൾ ബിൽ നം.12/22.11.22ൽ നിന്നും, ക്രമ നം.7 ബിൽ നം.20/25.01.23ൽ നിന്നും, ക്രമ നം.8 ബിൽനം. 28/20.2.23 തുകയിൽ നിന്നുമാണ്.

അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 09/27.09.2023ന് മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയ മറുപടി പ്രകാരം, ഫീൽഡ് തല കുത്തിവെപ്പിന്റെ സമയം രാവില 9 മുതൽ 2 വരെ ആയതിനാലാണ് ആയതിന് 1045 രൂപ അനുവദിച്ചതും ആയതിന് ശേഷമുള്ള ഓട്ടം മറ്റൊരു ട്രിപ്പായും കണക്കാക്കിയാണ് വാടക അനുദിച്ചതെന്നും ഇക്കാര്യം ക്വട്ടേഷനിലോ കരാറിലോ കാണിക്കാത്തത് അപാകതയാണെന്ന് മനസ്സിലാക്കുന്നു എന്നുമാണ് അറിയിച്ചത്.

ഇത്തരം സാഹചര്യങ്ങളിൽ വാഹനം വാടകക്കെടുക്കുമ്പോൾ ദിവസ വാടകയാണ് രേഖപ്പെടുത്തേണ്ടതും അനുവദിക്കേണ്ടതും. അപ്രകാരം ഒരു ദിവസം പരമാവധി 35കി.മീ വരെ ഓടുന്നതിന് എന്ന് തന്നെയാണ് ക്വട്ടേഷൻ

നോട്ടീസിലും പരാമർശിച്ചത്. എന്നാൽ മേൽ ക്വട്ടേഷൻ/കരാറിന് വിരുദ്ധമായും വാഹനം ഓടുന്നത് കാരണം ഉണ്ടായ അധിക ചെലവ് അംഗീകരിക്കാവുന്നതല്ല. ട്രിപ്പ് ഷീറ്റുകളിൽ ഓടിയ ദൂരം രേഖപ്പെടുത്താത്ത ട്രിപ്പുകളുടെ ദൂരം കണക്കാക്കി അധികം നൽകിയ വാഹന വാടക തിരികെ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-15 മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ-എഫ്.എച്ച്.സി നിർവ്വഹണം നടത്തിയ ചുവടെ ചേർത്ത പദ്ധതികൾ പ്രകാരമുള്ള മരുന്നുകൾ പൂർണ്ണമായും നാളിതുവരെ ലഭ്യമായിട്ടില്ല.

1) പദ്ധതി നം .06/23-FHC യിലേക്ക് മരുന്ന് വാങ്ങൽ

അടങ്കൽ - 5,00,000/-(മെയിന്റനൻസ് ഫണ്ട് നോൺ റോഡ്)

ചെലവ് - 4,99,999/-

| ക്രമ നം | ബിൽ നമ്പർ | തുക |
|---|---|---|
| 1 | 03/14.09.22 | 15515 |
| 2 | 13/22.11.22 | 377674 |
| 3 | 24/16.02.23 | 40204 |
| 4 | 26/16.02.23 | 66606 |
| ആകെ | | 499999 |

പട്ടികയിലെ ക്രമ നം. 2 ,3 ബില്ലുകൾ പ്രകാരമുള്ള തുക 417878രൂപ പ്രഫോമ ഇൻവോയ്സ് നം. PRF989/10.08.22 ന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ 3624001800000019 നമ്പർ അക്കൗണ്ടിലേക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ ചുവടെ ചേർത്ത ഇൻവോയ്സുകൾ പ്രകാരം ആകെ 188302.7/- രൂപയുടെ മരുന്നുകൾ മാത്രമാണ് നാളിതുവരെ ലഭ്യമായി സ്റ്റോക്കിലെടുത്തിട്ടുള്ളത്.

| ക്രമ നം | ഇൻവോയ്സ് നം./തിയതി | തുക |
|---|---|---|
| 1 | 12232/10.07.23 | 76859.7 |
| 2 | 15466/08.08.23 | 40477 |
| 3 | 15872/14.08.23 | 3457 |
| 4 | 16103/16.08.23 | 1344 |
| 5 | 16960/23.08.23 | 9340 |
| 6 | 12241/10.07.23 | 56825 |
| ആകെ | | 188302.7 |

ഇത് പ്രകാരം ആകെ 229575.3/- രൂപയുടെ മരുന്നുകൾ ലഭ്യമാവാനുണ്ട്.

2) പദ്ധതി നം 07/23- പരിരക്ഷ മരുന്ന് വാങ്ങൽ

അടങ്കൽ - 4,00,000/-(മെയിന്റനൻസ് ഫണ്ട് നോൺ റോഡ്)

ചെലവ് - 4,00,000/- ബിൽ നം 14/09.11.22

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പദ്ധതിയുടെ ഭാഗമായി മരുന്നുകൾ ലഭ്യമാക്കുന്നതിന് പ്രഫോമ ഇൻവോയ്സ് നം. 1622/12.10.2022 ന്റെ അടിസ്ഥാനത്തിൽ ബിൽ പ്രകാരമുള്ള തുക KMSCLന് അനുവദിച്ചിട്ടുണ്ടെങ്കിലും ചുവടെ ചേർത്ത ഇൻവോയ്സുകൾ പ്രകാരം ആകെ 310615/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായത്.

| ക്രമ നം | ഇൻവോയ്സ് നം./തിയതി | തുക |
|---|---|---|
| 1 | 24186/30.01.23 | 3136 |
| 2 | 24495/01.02.23 | 40849 |
| 3 | 23041/13.01.23 | 2449 |
| 4 | 23321/16.01.23 | 11088 |
| 5 | 21051/23.12.22 | 778 |
| 6 | 20823/21.12.22 | 602 |
| 7 | 20131/15.12.22 | 23184 |

| | | |
|---|---|---|
| 8 | 20353/17.12.22 | 6703 |
| 9 | 25636/27.02.23 | 831 |
| 10 | 25506/23.02.23 | 37632 |
| 11 | 14588/29.07.23 | 3831 |
| 12 | 9941/19.06.23 | 106128 |
| 13 | 12061/08.07.23 | 27257 |
| 14 | 8385/09.06.23 | 23646 |
| 15 | 5919/25.05.23 | 5003 |
| 16 | 2247/06.05.23 | 1005 |
| 17 | 1044/19.04.23 | 2083 |
| 18 | 324/04.04.23 | 7102 |
| 19 | 27342/21.03.23 | 594 |
| 20 | 22272/06.01.23 | 6714 |
| ആകെ | | 310615 |

ഇത് പ്രകാരം ഇനിയും 89385/- രൂപയുടെ മരുന്നുകൾ ലഭ്യമാവാനുണ്ട്.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 10/2022-23/27.08.2023ന് ലഭ്യമാക്കിയ മറുപടിയിൽ മരുന്നുകൾ ലഭ്യമാകുന്ന മുറക്ക് അറിയിക്കുന്നതാണെന്ന് അറിയിച്ചു. 1, 2 എന്നിവ പ്രകാരം ആകെ ലഭ്യമാക്കാനവശേഷിക്കുന്നതായുള്ള 318960.3/- (229575.3+89385) രൂപയുടെ മരുന്നുകൾ ലഭ്യമാകുന്ന മുറക്ക് സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 അതിദരിദ്രരുടെ വീട് നവീകരണം - നിർമ്മാണം പൂർത്തീകരിച്ചില്ല.

| | | |
|---|---|---|
| പദ്ധതി നമ്പർ | : | 39/23 |
| പേര് | : | അതിദരിദ്രരുടെ വീട് നവീകരണം. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | വി.ഇ.ഒ |
| അടങ്കൽ തുക (₹) | : | 9,00,000/- (വികസന ഫണ്ട് - സാധാരണ വിഹിതം) |
| ചെലവ് (₹) | : | 50,000/- |
| വൗച്ചർ നമ്പർ / തീയതി | : | XVFC/2022-23/P/382 തീയതി.31.03.2023 |

സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖ (സ.ഉ(കൈ) നം.115/2022 /തസ്വഭവ തിയ്യതി 28.05.2022) ഖണ്ഡിക 6.7.4 പ്രകാരം വീട് വാസയോഗ്യമാക്കൽ എന്ന പദ്ധതിക്കായി കരാറിലേർപ്പെടുന്ന ഗുണഭോക്താവ് തയ്യാറാക്കുന്ന എസ്റ്റിമേറ്റ് എൽ.എസ്.ജി.ഡി ഓവർസിയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ 50% തുക മുൻകൂറായി നൽകാവുന്നതും പ്രവൃത്തി പൂർത്തീകരിച്ച ശേഷം ഓവർസിയറുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ അനുവദനീയമായ തുക നൽകാവുന്നതുമാണ്. എന്നാൽ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ മുകളിൽ പരാമർശിച്ച പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് 50,000/- രൂപ മുൻകൂർ നൽകിയിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേരും വിലാസവും. | കൈപ്പറ്റിയ തുക | വൗച്ചർ നമ്പർ/തീയതി. |
|---|---|---|
| ശ്രീമതി. ലളിത.വി.പി, വെട്ടംപടിക്കൽ ഹൗസ്, ഉദിരംപൊയിൽ, ബാലവാടിപ്പടി. | 50,000/- | XVFC/2022-23/P/382 തീയതി.31.03.2023 |

ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകളും സംഭവിച്ചിട്ടുണ്ട്.

1). ഗുണഭോക്താവ് തയ്യാറാക്കുന്ന എസ്റ്റിമേറ്റ് എൽ.എസ്.ജി.ഡി ഓവർസിയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതിന് ശേഷം ആയതിന്റെ അടിസ്ഥാനത്തിലാണ് 50% തുക മുൻകൂർ അനുവദിക്കേണ്ടത്. എന്നാൽ ഗുണഭോക്താവ് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടില്ല.

2). ഗ്രാമ പഞ്ചായത്തിലെ അതിദരിദ്രർക്ക് വേണ്ടിയുള്ള ഈ പദ്ധതിക്കായി 9,00,000/- രൂപ

വകയിരുത്തിയിട്ടുണ്ടെങ്കിലും 50,000/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഗുണഭോക്തൃ ലിസ്റ്റിൽ 9 പേരുണ്ടെങ്കിലും തുക പൂർണ്ണമായി വിനിയോഗിക്കാത്തതിന്റെ കാരണം വ്യക്തമല്ല.

അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(എൻക്വയറി നമ്പർ.3/26.09.2023 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-17 ക്ലീൻ കേരള കമ്പനിക്ക് മാലിന്യം കയറ്റി അയ്ക്കൽ - ജി എസ് ടി ഉൾപ്പെടെയുള്ള തുക അനുവദിച്ചു.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 58/23 |
| പ്രൊജക്ടിന്റെ പേര് | ഹരിത കർമ്മ സേന ശേഖരിക്കുന്ന ഉപയോഗ ശൂന്യമായ അജൈവ മാലിന്യങ്ങൾ കൊണ്ടു പോകുന്നതിന് ക്ലീൻ കേരള കമ്പനിക്ക് തുക നൽകൽ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |
| അടങ്കൽ തുക | 79,945/- രൂപ. |
| ചെലവഴിച്ച തുക | 79,945/- രൂപ. |
| വൗച്ചർ നമ്പർ / തീയതി (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | XVFC/2022-23/P/293 തീയതി.22.11.2022 |

പദ്ധതി പ്രകാരം കിലോഗ്രാമിന് 10 രൂപ നിരക്കിലാണ് ക്ലീൻ കേരള കമ്പനിക്ക് മാലിന്യങ്ങൾ നൽകുന്നത്. ആയതിന് പുറമെ 18% ജി.എസ്.ടി കൂടി കമ്പനിക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. പാഴ് വസ്തുക്കൾ നീക്കം ചെയ്യുന്ന പ്രവർത്തനങ്ങൾക്ക് ജി എസ് ടി ബാധകമല്ല. ജി എസ് ടി ബാധകമല്ലാത്ത ഇനത്തിന് ജി.എസ്.ടി ഇനത്തിൽ 12195/-രൂപ അനുവദിച്ച് നൽകിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 04/26.09.2023 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-18 ലൈഫ് പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ലൈഫ് പാർപ്പിട പദ്ധതി പ്രകാരം വിവിധ വർഷങ്ങളിൽ ധനസഹായം കൈപ്പറ്റിയിട്ടുള്ള താഴെ പറയുന്ന 3 ഗുണഭോക്താക്കൾ ഓഡിറ്റ് തിയ്യതി വരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | പേര്, മേൽവിലാസം | അനുവദിച്ച തുക | | ആകെ |
|---|---|---|---|---|
| | | തിയ്യതി | തുക | |
| 1 | സജ്ന W/o. ഫൈസൽ ബാബു, കുന്നമ്മൽ ഹൗസ്, മമ്പാട്ടുമൂല.പി.ഒ, വാർഡ് 2. | 28.07.2020 | 40,000 | 3,50,000 |
| | | 02.11.2020 | 1,00,000 | |
| | | 15.02.2021 | 60,000 | |
| | | 27.03.2021 | 40,000 | |
| | | 16.04.2021 | 60,000 | |
| | | 01.09.2022 | 50,000 | |
| 2 | റുഖിയ W/o. ഹസ്സൻ, കുളിപിലാക്കൽ ഹൗസ്, പുല്ലങ്കോട്.പി.ഒ, സ്രാമ്പിക്കല്ല്, വാർഡ് 9. | 20.01.2021 | 40,000 | 80,000 |
| | | 27.03.2021 | 40,000 | |
| 3 | ഹസ്ബുന, W/o. ഇബ്രാഹിം, അച്ചിപ്ര ഹൗസ്, പുല്ലങ്കോട്.പി.ഒ, വാർഡ് 11. | 21.05.2022 | 40,000 | 3,40,000 |
| | | 02.09.2022 | 50,000 | |
| | | 18.10.2022 | 80,000 | |
| | | 14.11.2022 | 1,60,000 | |
| | | 22.02.2023 | 10,000 | |
| | ആകെ | | | 770000 |

ലൈഫ് പദ്ധതി മാർഗരേഖ പ്രകാരം പരമാവധി അഞ്ചു തവണകളായി നാലു ലക്ഷം രൂപ അനുവദിക്കാവുന്നതാണ്. ഗുണഭോക്താവ് കരാറിൽ ഏർപ്പെടുമ്പോൾ 40,000/- രൂപയും ബേസ്മെന്റ് പൂർത്തീകരണത്തിന് ശേഷം 1,60,000/-

രൂപയും ലിന്റൽ പൂർത്തീകരണത്തിന് ശേഷം 1,60,000/- രൂപയും മേൽക്കൂര പൂർത്തീകരിച്ച് വീട് വാസയോഗ്യമാക്കുമ്പോൾ ബാക്കി 40,000/- രൂപയുമാണ് അനുവദിക്കേണ്ടത്. എന്നാൽ ക്രമ നമ്പർ. 1 പ്രകാരമുള്ള ഗുണഭോക്താവിന് 6 തവണകളായി 3,50,000/- രൂപയും ക്രമ നമ്പർ.3 പ്രകാരമുള്ള ഗുണഭോക്താവിന് 5 തവണകളിലായി 3,40,000/- രൂപയും നൽകിയിട്ടുണ്ട്. നിർമ്മാണത്തിന്റെ ഓരോ ഘട്ടവും കഴിയുമ്പോൾ സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിക്കേണ്ടതെന്നിരിക്കെ ഇപ്രകാരം തുക അനുവദിച്ചതിന്റെ കാരണം വ്യക്തമല്ല. ഭവനനിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ കാരണം വിശദമാക്കേണ്ടതാണ്. ഭവന നിർമ്മാണ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 5/18.09.2023 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-19 ഭിന്നശേഷിക്കാരായ കുട്ടികളുടെ കലാകായിക മേള – അർഹമായ യാത്രാ ബത്ത നൽകിയില്ല.

| | | |
|---|---|---|
| പദ്ധതി നമ്പർ | : | 259/23 |
| പേര് | : | ഭിന്നശേഷിക്കാരായ കുട്ടികളുടെ കലാകായിക മേള |
| നിർവ്വഹണ ഉദ്യോഗസ്ഥ | : | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ തുക (₹) | : | 75,000/- (വികസന ഫണ്ട് - സാധാരണ വിഹിതം) |
| ചെലവ് (₹) | : | 75,000/- |
| ബിൽ നമ്പർ / തീയതി | : | 22151352029101357992 തീയതി.15.03.2023 |

വാർഷിക പദ്ധതികൾ തയ്യാറാക്കൽ സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖ (സ.ഉ(കൈ)നം.115/2022/തസ്വഭവ തീയതി.28.05.2022) ഖണ്ഡിക 7.1.13(1) പ്രകാരം സംസ്ഥാനത്തെ എല്ലാ ഗ്രാമ/നഗരഭരണ സ്ഥാപനങ്ങളിലും ഭിന്നശേഷിക്കാരായ എല്ലാ കുട്ടികളുടേയും ഏകദിന കായിക കലാ മത്സരങ്ങൾ ഓരോ വർഷവും നടത്തേണ്ടതും വിജയികളാകുന്നവർക്ക് സമ്മാനങ്ങളും പങ്കെടുക്കുന്ന എല്ലാവർക്കും പ്രോത്സാഹന സമ്മാനങ്ങളും നൽകേണ്ടതുമാണ്. കുട്ടികൾക്ക് റീഫ്രെഷ്മെന്റും ഉച്ചഭക്ഷണവും കുട്ടികൾക്കും രക്ഷിതാവിനും മുന്നൂറ് രൂപ നിരക്കിൽ യാത്രാച്ചെലവും നൽകാവുന്നതാണ്. ഭക്ഷണം, സമ്മാനങ്ങൾ, പ്രോത്സാഹന സമ്മാനങ്ങൾ, യാത്രാ ചെലവ്, മറ്റ് ചെലവുകൾ ഉൾപ്പെടെ തനത് ഫണ്ട്/വികസന ഫണ്ടിൽ നിന്ന് പരമാവധി 75,000 രൂപ വരെ ചെലവഴിക്കാവുന്നതാണ്.

ചോക്കാട് ഗ്രാമപഞ്ചായത്ത് 2023 ഫെബ്രുവരി 14 ന് ചോക്കാട് ക്രസന്റ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തിയ ഭിന്നശേഷി കലോത്സവത്തിന് താഴെ പറയും പ്രകാരം 75,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ചെലവിനം. | തുക |
|---|---|---|
| 1 | ലൈറ്റ് & സൗണ്ട്സ് | 9800 |
| 2 | ഉച്ചഭക്ഷണം & റീഫ്രഷ്മെന്റ് | 33140 |
| 3 | സമ്മാനങ്ങൾ | 32060 |
| ആകെ | | 75000 |

അനുവദനീയമായ പരമാവധി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും മത്സരത്തിൽ പങ്കെടുത്തിട്ടുള്ള കുട്ടികൾക്കും രക്ഷകർത്താക്കൾക്കും അർഹമായ യാത്രാചെലവ് നൽകിയിട്ടില്ല. ആയതിന്റെ കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ.22/29.09.2023) പങ്കെടുത്ത മുഴുവൻ കുട്ടികൾക്കും രക്ഷിതാക്കൾക്കും ഭക്ഷണം നൽകുന്നതിനും പങ്കെടുത്ത കുട്ടികൾക്കെല്ലാം അവർക്കുപകാരപ്രദമായ തരത്തിലുള്ള ഗിഫ്റ്റുകൾ നൽകുന്നതിനുമായി തുക ചെലവഴിക്കുകയും ചെയ്തതിനാലാണ് യാത്രാ ബത്ത നൽകാൻ സാധിക്കാതെ വന്നതെന്നും വരും വർഷങ്ങളിൽ ഈ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രമിക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കി. ഈ മറുപടി ഓഡിറ്റ് അംഗീകരിക്കുന്നു. ഭാവിയിൽ ഭിന്നശേഷി കുട്ടികൾക്ക് മതിയായ പ്രാധാന്യം നൽകിയ അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-20 ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പും ബത്തയും - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 40/23 |
| പ്രൊജക്ടിന്റെ പേര് | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്. |

| | |
|---|---|
| അടങ്കൽ തുക | 30,00,000/- രൂപ. |
| വിനിയോഗിച്ച തുക | 29,03,300/- രൂപ. |
| ബിൽ നമ്പർ / തിയ്യതി | 22151352029100751933/09.11.2022 – 4,05,000/- രൂപ. |
| | 22151352029100751921/27.01.2023 – 3,00,000/- രൂപ. |
| | 22151352029100751935/09.11.2022 – 3,75,000/- രൂപ. |
| | 22151352029100925979/18.12.2022 – 3,60,300/- രൂപ. |
| | 22151352029100981154/30.12.2022 – 60,000/- രൂപ. |
| | 22151352029101378178/16.03.2023 – 9,08,000/- രൂപ. |
| | 22151352029101304102/07.03.2023 – 4,95,000/- രൂപ. |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1). സബ്സിഡി മാർഗ്ഗരേഖ (സ.ഉ (കൈ) നം.115/2022/തസ്വഭവ തീയതി. 28.05.2022) ഖണ്ഡിക 7.16(സി) പ്രകാരം ഡേകെയർ സെന്ററിൽ പോകുന്ന മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പും ബത്തയും താഴെ പറയും പ്രകാരമാണ്.

| നമ്പർ | ഇനം | പ്രതിമാസ ബത്ത |
|---|---|---|
| 1 | മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് പകൽ സമയം ഡേകെയർ സെന്ററുകളിൽ കഴിയുന്നതിനുള്ള ബത്ത. | പ്രതിമാസം 1000/- രൂപ |
| 2 | യാത്രാബത്ത (പ്രതിമാസം) | 1000 |

ഇത് പ്രകാരം ഒരു ഗുണഭോക്താവിന് ഒരു സാമ്പത്തിക വർഷം അനുവദിക്കാവുന്ന പരമാവധി തുക 24,000/- രൂപയാണ്. എന്നാൽ ശ്രീ.അബ്ദുൾബാരി.പി, പറമ്പത്ത് ഹൗസ്, മാളിയേക്കൽ എന്ന ഗുണഭോക്താവിന് 28,500/- രൂപ അനുവദിച്ചിട്ടുണ്ട്. അധികം നൽകിയ 4,500/- രൂപ തിരികെ ഈടാക്കി അറിയിക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അറിയാതെ അധിക തുക നൽകിയതാണെന്നും രക്ഷിതാക്കൾ തുക തിരിച്ചടക്കാൻ ബുദ്ധിമുട്ടുള്ളവരായതിനാൽ 2023-24 സാമ്പത്തിക വർത്തിൽ നൽകുന്ന സ്കോളർഷിപ്പ് തുകയിൽ പ്രസ്തുത തുക കുറവ് വരുത്തി നൽകുന്നതാണെന്നും മറുപടി ലഭ്യമാക്കി. തുക ക്രമീകരിച്ചതിന് ശേഷം വിവരം അറിയിക്കേണ്ടതാണ്.

2). സബ്സിഡി മാർഗ്ഗരേഖ (സ.ഉ (കൈ) നം.115/2022/തസ്വഭവ തീയതി. 28.05.2022) ഖണ്ഡിക 7.16 ലെ (എ) പട്ടികയിലെ ക്രമ നമ്പർ.3 പ്രകാരം ശാരീരിക വെല്ലുവിളികൾ നേരിടുന്ന 5 മുതൽ 8-ാം ക്ലാസ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഒരു വർഷം നൽകാവുന്ന പരമാവധി തുക 6,600/- രൂപയാണ്. എന്നാൽ കുമാരി.മെഹറിൻ.കെ, D/o.സുനീറ.ടി.കെ, കക്കട്ടുമ്പൻ ഹൗസ്, ചോക്കാട്.പി.ഒ എന്ന വിദ്യാർത്ഥിനിക്ക് 8,000/- രൂപ അനുവദിച്ചിട്ടുണ്ട്. അധികം നൽകിയ 1,400/- രൂപ തിരികെ ഈടാക്കി അറിയിക്കുന്നതിന് ഓഡിറ്റ് എൻക്വയറി നൽകിതിനെ തുടർന്ന് 30.09.2023 ലെ രശീതി നമ്പർ.1231100308 പ്രകാരം തുക അടവാക്കി. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3). ഉല്ലാസ യാത്രാ പഠന പര്യടനം മുതലായവയ്ക്കുള്ള ബത്തയായി 1,000/- രൂപ നൽകിയിട്ടുണ്ടെങ്കിലും ആയതിന്റെ വൗച്ചർ വാങ്ങി സൂക്ഷിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ടുള്ള എൻക്വയറിക്ക്, തുടർ വർഷങ്ങളിൽ വൗച്ചറുകൾ വാങ്ങി സൂക്ഷിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ : 23/30.09.2023)

## 1-21 മരുതങ്കാട് അംഗനവാടി നിർമ്മാണം പൂർത്തീകരിച്ചില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

നിർവ്വഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ.

മരുതങ്കാട് അംഗനവാടി നിർമാണം 62/23

അടങ്കൽ: 800000(വികസനഫണ്ട് ജനറൽ)

TS: 21-22/97867/22-12-21

കരാറുകാരൻ: സഫ്ഷറലി പി ടി

കരാർ: 63/21-22/17-2-22

അളവ് പുസ്തകം: 1/22-23,1A/22-23,1B/22-23

ചെലവ്:612677 രൂപ

BRN: 22151352029200942552/22-12-22 Rs 529007

BRN: 2215135202920115172/30-1-23: Rs 83670

Cost Index : DSR 2018, 36.44%

2022-23 വർഷത്തിൽ നടപ്പാക്കിയ മരുതങ്കാട് അംഗനവാടി നിർമാണം എന്ന പ്രവൃത്തിക്ക് ഭാഗികമായി എസ്റ്റിമേറ്റ് തയ്യാറാക്കി ഭാഗികമായി മാത്രമാണ് പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്. കെട്ടിട നിർമാണത്തിന് ആവശ്യമായ എല്ലാ പ്രവൃത്തിയും ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി അല്ല പ്രവൃത്തി നിർവ്വഹണം നടത്തിയിട്ടുള്ളത്. എസ്റ്റിമേറ്റിൽ Roof Concrete വരെയുള്ള ഇനങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ജനൽ,ജനൽ ഷട്ടർ, വാതിൽ, വാതിൽ ഷട്ടർ (രണ്ട് വാതിലുകൾ വച്ചിട്ടുണ്ട്) , സിമെന്റ് പ്ലാസ്റ്ററിംഗ്, പെയിന്റിംഗ്, പ്ലംബിംഗ്, വയറിംഗ് തുടങ്ങിയ പ്രവൃത്തികളൊന്നും തന്നെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുകയോ നിർവ്വഹിക്കുകയോ ചെയ്തിട്ടില്ല. കെട്ടിട നിർമാണ പ്രൊജക്ടുകൾ തയ്യാറാക്കുമ്പോൾ അനുബന്ധ സൗകര്യങ്ങളായ പ്ളമ്പിംഗ്, വയറിംഗ് തുടങ്ങിയ ഘടകങ്ങൾ കൂടി ഉൾപ്പെടുത്തേണ്ടതാണെന്ന് പദ്ധതിമാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ കെട്ടിടനിർമാണം പൂർത്തീകരിക്കുന്നതിന് ആവശ്യയമായ ഘടകങ്ങൾ പോലും ഉൾപ്പെടുത്താതെയാണ് ഈ കെട്ടിട നിർമാണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. അപാകതയുടെ കാരണം വ്യക്തമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 25/30-9-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഭരണസമിതി ഇക്കാര്യം പരിശോധിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്. അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-22 വിവിധ വാർഡുകളിലെ ഡ്രൈനേജ് നിർമ്മാണം എന്ന പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

നി.ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ.

വിവിധ വാർഡുകളിലെ ഡ്രൈനേജ് നിർമാണം എന്ന പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു

1) കോൺക്രീറ്റ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി - നഷ്ടം 7270 രൂപ

ഡ്രൈനേജിന്റെ ബെഡ് കോൺക്രീറ്റിന്/ വിയറിംഗ് കോട്ട് കോൺക്രീറ്റിന് തെറ്റായ നിരക്ക് അനുവദിച്ചത് മൂലം അധിക ചെലവ് ഉണ്ടായിട്ടുണ്ട്. പ്രവൃത്തിയുടെ ഇനം 1 പ്രകാരം എർത്ത് വർക്ക് എസ്കവേഷൻ നടത്തുകയും, ഇനം (2) പ്രകാരം എസ്കവേഷൻ നടത്തിയ അതേ നീളത്തിലും വീതിയിൽ ബെഡ് കോൺക്രീറ്റ് ചെയ്യുകയുമാണ് ചെയ്തിട്ടുള്ളത്. കൂടാതെ ഡ്രൈനേജിന്റെ ഇരുവശങ്ങളിൽ സൈഡ് വാൾ നിർമിച്ചതിന് ശേഷം ഇനം (4) പ്രകാരം അവശേഷിക്കുന്ന വീതിയിൽ വിയറിംഗ് കോട്ട് കോൺക്രീറ്റ് ചെയ്തിട്ടുമുണ്ട്.

ഇനം (2)-ന് MoRD-ലെ 11.4.1.1 പ്രകാരമുള്ള നിരക്കും ഇനം (4)-ന് MoRD-ലെ 75.8.1.1 പ്രകാരമുള്ള നിരക്കുമാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത നിരക്ക് ഫോം വർക്ക് ആവശ്യമായിട്ടുള്ള സിമന്റ് കോൺക്രീറ്റ് പ്രവൃത്തിക്കുള്ളതാണ്. മേൽ പ്രവൃത്തിയിൽ എർത്ത് വർക്ക് എസ്കവേഷൻ നടത്തിയ അതേ നീളത്തിലും വീതിയിലും ബെഡ് കോൺക്രീറ്റ് ചെയ്യുകയും ഡ്രൈനേജിന്റെ ഇരുവശങ്ങളിൽ സൈഡ് വാൾ നിർമിച്ചതിന് ശേഷം അവശേഷിക്കുന്ന വീതിയിൽ വിയറിംഗ് കോട്ട് കോൺക്രീറ്റ് ചെയ്തതുമായതിനാൽ ഈ പ്രവൃത്തികൾക്ക് ഫോം വർക്ക് ആവശ്യമായി വരുന്നില്ല. ആയതിനാൽ 11.4.1.1, 75.8.1.1 എന്നീ ഡാറ്റയിൽ ഫോം വർക്കിന് വകയിരുത്തിയ തുക (ie 4%) കിഴിച്ചുള്ള നിരക്കാണ് നൽകേണ്ടത്. തെറ്റായ നിരക്ക് നൽകിയത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

| പദ്ധതി വിവരം | ചെയ്ത അളവ് | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം അനുവദിച്ചത് |
|---|---|---|---|---|
| വിവധ വാർഡുകളിലെ ഡ്രൈനേജ് നിർമാണം 70/23<br>അടങ്കൽ: 900800 രൂപ (CFC ഗ്രാന്റ്) | ഇനം (2)<br>11-4-1-1<br>20.28m3 | @ 6234.13/m3 (7841.67/m3-20.5% Tender Below) = 126428.16 | 5984.76/m3 (7528/m3 (ഫോം വർക്കിനുള്ള 4% കിഴിച്ച്)-20.5% Tender Below) = 121370.93 | 5057.22<br>+ 12% GST 606.86<br>ആകെ: 5664.08 |

| | | | | |
|---|---|---|---|---|
| കരാറുകാരൻ: ശ്രീ സുൾഫീക്കറലി പി പി<br>കരാർ : 79/21-22 /10-3-22<br>M Book : 79/21-22<br>TS: 2021-22/13727 /24-2-22<br>Cost Index: 36.44%<br>ചെലവ് - 715515 രൂപ<br>വൗച്ചർ നമ്പർ: | | | | |
| 1/22-23/10-5-22: Rs 615877<br>വൗച്ചർ നമ്പർ: 12/22-23/1-9-22: Rs 99638 | ഇനം(4)<br>75-8-1-1<br>5.40m3 | @ 6637.26/m3 (8348.76/m3-20.5% Tender Below) = 35841.20 | 6371.76/m3 (8014.80/m3 (ഫോം വർക്കിനുള്ള 4% കിഴിച്ച്)-20.5% Tender Below) = 34407.50 | 1433.70 + 12% GST 172.04<br>ആകെ: 1605.74 |
| | | | ആകെ | 7269.82 |

2) ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകി നഷ്ടം 29251/-രൂപ

മേൽ പ്രവൃത്തിയിൽ 16 ാം വാർഡിൽ 24.35x 0.25 X0.55 അളവിൽ Side Wall നിർമ്മിച്ചിട്ടുണ്ട്. എന്നാൽ Side Wall നിർമ്മിച്ച ഈ ഏരിയയിൽ ഇനം (4) പ്രകാരം (Code 75.8.1.1) 24.35 X 0.45 X 0.05 എന്ന അളവിൽ ഡ്രൈനേജിന് വിയറിംഗ് കോട്ട് കോൺക്രീറ്റ് ചെയ്തതായി അളവ് പുസ്തകത്തിൽ അളവ് രേഖപ്പെടുത്തി (പേജ് 14) കരാറുകാരന് തുക നൽകിയിട്ടുണ്ട്. എന്നാൽ ഈ സ്ഥലത്ത് Side Wall മാത്രമാണ് നിർമിച്ചിട്ടുള്ളത്. ഡ്രൈനേജ് നിർമിച്ചിട്ടില്ല. മാത്രമല്ല, ഈ പ്രവൃത്തി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുമില്ല. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താത്തതും പ്രവൃത്തി സ്ഥലത്ത് ചെയ്തിട്ടില്ലാത്തതും ചെയ്യേണ്ടാത്തതുമായ ഒരു പ്രവൃത്തി അളവ് പുസ്തകത്തിൽ ചെയ്തതായി രേഖപ്പെടുത്തി കരാറുകാരന് തുക നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്.

ഈ പ്രവൃത്തിക്ക് കരാറുകാരന് നൽകിയ 3924.99 രൂപ. {0.55 X 6371.76 (ഫോം വർക്കിനുള്ള 4% കിഴിച്ച നിരക്ക്) =3504.46 + 12% GST 420.53=3924.99} കരാറുകാരനിൽ നിന്നീടാക്കേണ്ടതുമാണ്.

മേൽ അപാകതക്കും കരാറുകാരന് ആകെ 11195 രൂപ (7269.82 + 3924.99) അധികം നൽകിയതിനും വിശദീകരണം നൽകേണ്ടതാണെന്നും അധികം നൽകിയ 11195 രൂപ തിരികെ ഈടാക്കേണ്ടതുമാണെന്നും ആവശ്യപ്പെട്ട് നൽകിയ 27/30-9-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതും അധികം നൽകിയ 11195 രൂപയിൽ ഇനം (1) പ്രകാരമുള്ള 7270 രൂപ (Rounded) എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും എസ്റ്റിമേറ്റിന് അംഗീകാരം നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായും ഇനം (2) പ്രകാരമുള്ള 3925 രൂപ (Rounded) ഇനം (4) പ്രകാരമുള്ള പ്രവൃത്തിയുടെ അളവെടുത്ത അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-23 പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല; നഷ്ടം 18756 രൂപ

നി.ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ.

കേരള PWD മാന്വൽ പ്രകാരം മരാമത്ത് പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ സാധിക്കാത്ത പക്ഷം കരാറുകാരൻ പ്രവൃത്തി പൂർത്തീകരണ സമയം നീട്ടി നൽകുന്നതിന് അസിസ്റ്റന്റ് എഞ്ചിനിയർ മുഖേന അപേക്ഷ നൽകേണ്ടതാണ് എന്നും ഇതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ രേഖകൾ പരിശോധിച്ച് കരാറുകാരന്റെ വീഴ്ച മൂലമല്ല പ്രവൃത്തി വൈകിയിത് എങ്കിൽ പിഴ കൂടാതെയും, പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലമാണ് പ്രവൃത്തി വൈകിയത് എങ്കിൽ നിശ്ചിത നിരക്കിൽ പിഴ ഈടാക്കിയും പ്രവൃത്തി പൂർത്തീകരണ കാലയളവ് നീട്ടി നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

നിശ്ചിത സമയത്തിനകം അപേക്ഷ നൽകാത്ത പ്രവൃത്തിയുടെ കാലാവധി കരാർ പ്രകാരം മുൻപ് അംഗീകരിച്ച

സമയത്ത് തന്നെ അവസാനിക്കുന്നതാണ്. കരാറുകാരന്റെ കാരണത്താലുള്ള വൈകൽ മൂലം പ്രവൃത്തി അവസാനിപ്പിക്കുന്ന അവസരത്തിൽ ടെർമിനേഷൻ സമയത്ത് ഈടാക്കേണ്ട നിരക്കിൽ കരാറുകാരനിൽ നിന്ന് പിഴ ഈടാക്കേണ്ടതാണ് എന്നും PWD മാന്വലിൽ നിർദ്ദേശിച്ചിട്ടുണ്ട്. (PWD Manual 2112, 2112.1 )

PWD Manual 2112.1 പ്രകാരം പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകേണ്ട ഘട്ടത്തിൽ ഈടാക്കേണ്ട പിഴ താഴെ നൽകുന്നു.

| കാലയളവ് | പിഴ |
|---|---|
| ആദ്യ വർദ്ധന (First Extension ) | PAC യുടെ 1% ( മിനിമം 1000 , പരമാവധി 50000) |
| തുടർന്നുള്ള വർദ്ധന ( Beyond First Extension ) | PAC യുടെ 2% ( മിനിമം 2000 , പരമാവധി 100000) |

2022-23 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ നിശ്ചിത സമയത്തിനകമുള്ള കരാറുകാരന്റെ അപേക്ഷയില്ലാതെ, അംഗീകരിക്കപ്പെട്ട പ്രവൃത്തി പൂർത്തീകരണ സമയം കഴിഞ്ഞതിന് ശേഷവും കരാറുകാരൻ പ്രവൃത്തി നടത്തിയതായും , പ്രവൃത്തി വൈകിയതിന് പിഴ ഒന്നും ഈടാക്കാതെ കരാറുകാരന് ഫൈനൽ ബിൽ നൽകിയതായും കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

പ്രവൃത്തി: പുല്ലങ്ങോട് അംഗനവാടി നവീകരണം (61/23)

അടങ്കൽ: 250000 രൂപ (മെയന്റനൻസ് ഫണ്ട്-നോൺ റോഡ്)

കരാറുകാരൻ: ശ്രീ മുജീബ് റഹ്മാൻ കെ

കരാർ : 89/20-21/26-2-21 ( 8.1% Below E R)

PAC: 222370.63രൂപ

M Book : 89/20-21

പൂർത്തീകരണകാലയളവ്: 3 മാസം

കോവിഡ് ഇളവ്: 6 മാസം

ആകെ: 9 മാസം

പൂർത്തീകരിക്കേണ്ട തീയതി: 25-11-21

പൂർത്തീകരിച്ചത്: 30-1-23 (അളവ് പുസ്തകം പേജ് 15)

ചെലവ് - 217959രൂപ

ബി ആർ നമ്പർ: 22151352029200091992/11-5-22: Rs 125541

ബി ആർ നമ്പർ: 22151352029201425935/21-3-23: Rs 92418

പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിട്ടതിനാൽ ഈടാക്കേണ്ട പിഴ ഈടാക്കാത്തതിനാലുണ്ടായ നഷ്ടം താഴെ നൽകുന്നു.

| പൂർത്തീകരിക്കേണ്ട തിയ്യതി | പൂർത്തീകരിച്ച തിയ്യതി. | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|
| 25-11-21 | 30-1-23 | വൈകിയത് : 12 മാസം, 66 ദിവസം.<br>ഈടാക്കേണ്ട പിഴ: 18756 രൂപ<br>(26-11-21 To 25-2-22- @ 1% Of PAC: 2223.70<br>26-2-22 To 25-5-22 @ 2% Of PAC: 4447.40<br>26-5-22 To 25-8-22 @ 2% Of PAC: 4447.40<br>26-8-22 To 25-11-22 @ 2% Of PAC: 4447.40<br>26-11-22 To 30-1-23 @ 2% Of PAC: (66 Days) 4447.40x 66/92 = 3190.52 |

| | | |
|---|---|---|
| | | ആകെ: 18756.42 le 18756 രൂപ) |

പ്രവൃത്തി പൂർത്തീകരണം വൈകിച്ച കരാറുകാരിൽ നിന്ന് നിയമപ്രകാരം ഈടാക്കേണ്ട പിഴ ഈടാക്കാതെ ഫൈനൽ ബിൽ നൽകിയതിന് വിശദീകരണം നൽകേണ്ടതും ആയത് മൂലമുള്ള നഷ്ടം 18756 രൂപ ഉത്തരവാദിയായ കരാറുകാരനിൽ നിന്നോ ഫൈനൽ ബിൽ നൽകിയ 21-3-2023 ലെ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി തിരിച്ചടക്കേണ്ടതുമണെന്നും നിശ്ചിത സമയത്തിനകമുള്ള കരാറുകാരന്റെ അപേക്ഷയില്ലാതെ അംഗീകരിക്കപ്പെട്ട പ്രവൃത്തി പൂർത്തീകരണ സമയം കഴിഞ്ഞതിന് ശേഷവും കരാറുകാരനെ പ്രവൃത്തി സ്ഥലത്ത് പ്രവൃത്തി നടത്താൻ അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതുമാണെന്നുമാവശ്യപ്പെട്ട് നൽകിയ 1/20-9-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പിഴ ഇനത്തിലുള്ള 8756 രൂപ ഈ പ്രവൃത്തിയുടെ കരാറുകാരനിൽ നിന്നോ ഫൈനൽ ബിൽ നൽകിയ 21-3-2023 ലെ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി അറിയിക്കേണ്ടതും നിശ്ചിത സമയത്തിനകമുള്ള കരാറുകാരന്റെ അപേക്ഷയില്ലാതെ അംഗീകരിക്കപ്പെട്ട പ്രവൃത്തി പൂർത്തീകരണ സമയം കഴിഞ്ഞതിന് ശേഷവും കരാറുകാരനെ പ്രവൃത്തി സ്ഥലത്ത് പ്രവൃത്തി നടത്താൻ അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതുമാണ്.

## 1-24 ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകി; നഷ്ടം 4222 രൂപ

നിർവഹണ ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ്എഞ്ചിനീയർ

പ്രവൃത്തി: PHC ഓപൺ ജിം മേൽക്കൂര ഷീറ്റിടൽ 220/23

അടങ്കൽ: 150000 രൂപ ( MG-NR )

കരാറുകാരൻ: ശ്രീ സൈഫുള്ള കെ

കരാർ: 33/22-23/30-1-22 (ER)

ചെലവ്: 149897 രൂപ

BRN: 22151352029201256965/27-2-23

DSR 2018, C I 36.44%

മേൽ പ്രവൃത്തിയുടെ ഇനം (3) സ്റ്റീൽ മേൽക്കൂര പെയിന്റിംഗ് ചെയ്യുന്നതിനുള്ളതാണ്. എന്നാൽ ഈ പ്രവൃത്തി ചെയ്തിട്ടില്ലെന്ന് 27-9-2023 ന് അസിസ്റ്റന്റ്എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ വ്യക്തമായി. ഈയിനത്തിന് കരാറുകാരന് 4222.27രൂപ (24.859 M2 X 143.94/M2 = 3578.20 + 18% GST: 644.07 = 4222.27) നൽകിയിട്ടുണ്ട്. ചെയ്യാത്ത പ്രവൃത്തി ചെയ്തതായി അളവ് രേഖപ്പെടുത്തി കരാറുകാരന് തുക നൽകിയതിന് വിശദീകരണം നൽകേണ്ടതും കരാറുകാരന് നൽകിയ 4222.27രൂപ ഈടാക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ 31/30-9-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ കരാറുകാരന് അധികം നൽകിയ 4222 രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നീടാക്കേണ്ടതും ചെയ്യാത്ത പ്രവൃത്തി ചെയ്തതായി അളവ് രേഖപ്പെടുത്തി കരാറുകാരന് തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-25 നിക്ഷേപ പ്രവൃത്തി; വിശദാംശം ലഭ്യമല്ല.

ചോക്കാട് കയറ്റം ചോക്കാട് കുന്ന് റോഡിലെ പോസ്റ്റ് മാറ്റൽ (370/23) എന്ന പ്രവൃത്തി നിർവ്വഹണത്തിനായി ചെക്ക് നമ്പർ 1766117/16-2-23 പ്രകാരം 17043 രൂപ KSEB ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ വിശദാംശങ്ങൾ ഒന്നും തന്നെ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 30/30-9-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ പറയുന്ന വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1) പദ്ധതിക്ക് വേണ്ടി KSEB തയ്യാറാക്കിയ എസ്റ്റിമേറ്റ്.

2) പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം

3) പദ്ധതിയുടെ ഫൈനൽ ബിൽ.
വിശദാംശം ലഭ്യമാക്കുന്നതുവരെ ചെലവ് തുക 17043/-രൂപ തടസ്സം ചെയ്യുന്നു.

## 1-26 Plinth Belt കോൺക്രീറ്റിനുള്ള ഫോം വർക്കിന് അധികനിരക്ക് അനുവദിച്ചു. നഷ്ടം 3953 രൂപ

നിർവ്വഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ.

2022-23 വർഷത്തിൽ നടപ്പാക്കിയ താഴെ പറയുന്ന പ്രവൃത്തിയിൽ കെട്ടിടത്തിന്റെ തറയുടെ Plinth Belt കോൺക്രീറ്റിനുള്ള സെന്ററിംഗ് പ്രവൃത്തിക്ക് ഉയർന്ന നിരക്ക് (DSR 5.9.5പ്രകാരം)നൽകിയതായി കാണുന്നു. യഥാർത്ഥത്തിൽ ഈ ഇനം പ്രവൃത്തിക്ക് DSR Code 5.9.1 പ്രകാരമുള്ള നിരക്കിന് മാത്രമേ അർഹതയുള്ളൂ. ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ ഇത്തരത്തിലുള്ള മറ്റു പ്രവൃത്തികൾക്ക് DSR Code 5.9.1പ്രകാരമുള്ള നിരക്കാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികൾക്ക് ഉയർന്ന നിരക്ക് നൽകിയതായി കാണുന്നു. ഉയർന്ന നിരക്ക് അനുവദിച്ചതു മൂലം വന്ന അധിക ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

1) മരുതങ്കാട് അംഗനവാടി നിർമാണം 62/23

അടങ്കൽ: 840000(വികസനഫണ്ട് ജനറൽ)

TS: 21-22/97867/22-12-21

കരാറുകാരൻ: സഫ്ഫറലി പി ടി

കരാർ: 63/21-22/17-2-22

അളവ് പുസ്തകം: 1/22-23,1A/22-23,1B/22-23

ചെലവ്:612677 രൂപ

BRN: 22151352029200942552/22-12-22 Rs 529007

BRN: 2215135202920115172/30-1-23: Rs 83670

Cost Index : DSR 2018, 36.44%

വിശദവിവരം ചുവടെ ചേർക്കുന്നു

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് | അനുവദിച്ചത് DSR (2018) 5.9.5 @36.44% Cost Index | അനുവദിക്കാവുന്നത് DSR(2018) 5.9..1 @36.44% Cost Index | അധികം |
|---|---|---|---|---|
| Plinth Belt കോൺക്രീറ്റിനുള്ള സെന്ററിംഗ് പ്രവൃത്തി(എസ്റ്റിമേറ്റ് ഇനം(3) | 2X9.4X0.15=2.820<br>4X5.20X0.15= 3.120<br>2X2.95X0.15= 0.885<br>(MB Page 7)<br>2x3.70x0.15= 1.110<br>4x5.70x0.15= 3.420<br>2x5.00x0.15= 1.500<br>2x1.95x0.15= 0.585<br>(MB Page 8)<br>ആകെ: 13.44 M2 | 515/M$^2$<br>= 6921.60<br>(653.89-21.24% Of Below ER) | 265.76/M2<br>= 3571.81<br>337.42-21.24% Of Below ER) | 3349.79രൂപ<br>(+) GST18%: 602.96<br>ആകെ: 3952.75<br>le: 3953 രൂപ |

ഉയർന്ന നിരക്ക് കണക്കാക്കി 3953 രൂപ അധികച്ചെലവ് വരുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും അധികം നൽകിയ തുക ഈടാക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ 32/30-9-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ അധികം നൽകിയ 3953 രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും എസ്റ്റിമേറ്റിന് അംഗീകാരം നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-27 റോഡ് കോൺക്രീറ്റിന് അധികനിരക്ക് നൽകി; 13401 രൂപയുടെ അധികച്ചെലവ്.

നിർവഹണ ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

ഗ്രാമ പഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ നിർവ്വഹിക്കപ്പെട്ടതിൽ ചില പ്രവൃത്തികൾക്ക് 1:2:4 അനുപാതത്തിലുള്ള Cement Concreting ചെയ്തിട്ടുള്ളതിന് MORD സ്പെസിഫിക്കേഷൻ കോഡ് 75.8.1 പ്രകാരമുള്ള 8358.30/m3 (MORD-2018,C I 36.44%) എന്ന നിരക്കാണ് അനുവദിച്ചിട്ടുള്ളത്. ഇത് സൈഡ് ഷട്ടറിംഗ് ഉൾപ്പെടെയുള്ള നിരക്കാണ്. എന്നാൽ, 27-9-2023 ന് അസിസ്റ്റന്റ് എഞ്ചിനീയയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ താഴെ പറയുന്ന 2 പ്രവൃത്തികളിൽ സൈഡ് ഷട്ടറിംഗ് ഭാഗികമായി മാത്രമാണ് നടത്തിയിട്ടുള്ളതെന്ന് ബോധ്യപ്പെട്ടു. സൈഡ് ഷട്ടറിംഗ് ആവശ്യമില്ലാത്ത പ്രവൃത്തികൾക്ക് Observed Data പ്രകാരമുള്ള, സൈഡ് ഷട്ടറിംഗിനുള്ള നിരക്ക് കുറച്ച നിരക്കായ 8036.83/m3 രൂപയാണ് അനുവദിക്കാവുന്നത്. ആയതിന് പകരം MORD SOR 75.8.1 പ്രകാരമുള്ള നിരക്ക് നൽകിയത് വഴി താഴെ പറയും പ്രകാരം 13401രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

| 1 M3 ന് അധികം നൽകിയത് | |
|---|---|
| MORD 2018,Cost Index 36.44% പ്രകാരം | 8358.30-8036.83 = 321.47 രൂപ |

വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.നം | പദ്ധതി വിശദാംശം | ചെയ്ത അളവ് | അധികം നൽകിയ തുക |
|---|---|---|---|
| 1 | കേളനായർപടി ചേനപ്പടി റോഡ് കോൺക്രീറ്റ്, 322/23<br>അടങ്കൽ: 600000 രൂപ ( MG-NR )<br>കരാറുകാരൻ: ശ്രീ കെ എം ജോസഫ്<br>കരാർ: 45/22-23/7-2-22<br>ചെലവ്: 598402 രൂപ<br>BRN: 2215135202920141847O/21-3-23<br>അളവ് പുസ്തകം: E-M Book<br>അളവെടുത്ത തീയതി: 12-3-23 | 57.425 M3 | 57.425m3x321.47 = 18460.41<br>(-)ടെണ്ടർ കുറവ്: 0.09%= 16.61<br>ബാക്കി: 18443.80<br>(+) 18% GST: = 3319.88<br>ആകെ: 21763.68<br>(കുറിപ്പ്: 39% (ആകെ 101 മീറ്ററിൽ 39 മീറ്റർ ചെയ്തു) സൈഡ് ഷട്ടറിംഗ് ചെയ്തിട്ടുണ്ട്. ആയതിനാൽ അധികം നൽകിയ തുക പരിമിതപ്പെടുത്തിയത്)<br>21763.68 X 61 % = 13275.84<br>Rounded: 13276രൂപ |
| 2 | വെണ്ണീറാം പോയിൽനമസ്കാരപള്ളി പുഴ റോഡ് കോൺക്രീറ്റ്, 305/23<br>അടങ്കൽ: 400000 രൂപ<br>( 348000-വികസനഫണ്ട്-ജനറൽ,2000-CFC ഗ്രാന്റ് )<br>കരാറുകാരൻ: ശ്രീ ഷാബിക്കലി ഒ<br>കരാർ: 4 2/22-23/30-1-23<br>ചെലവ്: 349627 രൂപ<br>BRN: 22151352029201246455/25-2-23: 348000 രൂപ<br>വൗച്ചർ നമ്പർ 35/22-23/25-2-23: 1627 രൂപ<br>അളവ് പുസ്തകം: E-M Book<br>അളവെടുത്ത തീയതി: 17-2-23 | 32.175 M3 | 32.175m3x321.47 = 10343.29<br>(+) 18% GST: = 1861.79<br>ആകെ: 12205.08<br>(കുറിപ്പ്: ഒരു ഭാഗം സൈഡ് ഷട്ടറിംഗ് ചെയ്തിട്ടുണ്ട്. ആയതിനാൽ അധികം നൽകിയ തുക പരിമിതപ്പെടുത്തിയത്)<br>12205.08 X 50 % = 6102.54<br>Rounded: 6103രൂപ |
| | | ആകെ | 19379 രൂപ |

സൈഡ് ഷട്ടറിംഗ് ഭാഗികമായി മാത്രം ചെയ്ത പ്രവൃത്തിക്ക് ആയത് മുഴുവനായി ചെയ്തതിനുള്ള നിരക്ക് നൽകിയതിന് വിശദീകരണം നൽകേണ്ടതും അധികം നൽകിയ 19379/- രൂപ അതാത് പ്രവൃത്തിയുടെ കരാറുകാരിൽ നിന്നോ അല്ലാത്തപക്ഷം ഈ ഇനം പ്രവൃത്തിയുടെ അളവെടുത്ത ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതുമാണെന്നും മേൽ പ്രകാരം അധികനിരക്ക് നൽകിയതും സ്ഥലപരിശോധനക്ക് വിധേയമാക്കാത്തതുമായ അവശേഷിക്കുന്ന 29 പദ്ധതികൾ

നിലവിലുള്ള അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധന നടത്തി സൈഡ് ഷട്ടറിംഗ് ചെയ്തിട്ടുണ്ടോ എന്ന് പരിശോധിച്ച് മേൽപ്രകാരം തുടർ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതുമാണെന്നമാവശ്യപ്പെട്ട് നൽകിയ 33/30-9-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ അധികം നൽകിയ 19379/- രൂപ ഈ ഇനം പ്രവൃത്തിയുടെ അളവെടുത്ത അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നീടാക്കേണ്ടതാണ്. കൂടാതെ, മേൽ പ്രകാരം അധികനിരക്ക് നൽകിയതും സ്ഥലപരിശോധനക്ക് വിധേയമാക്കാത്തതുമായ അവശേഷിക്കുന്ന 29 പദ്ധതികൾ നിലവിലുള്ള അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധന നടത്തി പരിശോധിച്ച് മേൽപ്രകാരം തുടർ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്

## 1-28 സ്റ്റീൽ മേൽക്കൂര നിർമ്മാണത്തിന് അധിക നിരക്ക് നൽകി; നഷ്ടം 15113 രൂപ

GI പൈപ്പ് ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് പ്രൈസ് സോഫ്റ്റ്‌വെയർ പ്രകാരം രണ്ട് വ്യത്യസ്ത നിരക്കുകൾ അംഗീകരിച്ച് നൽകിയിട്ടുണ്ട്.

എ) വ്യത്യസ്ത തരം പൈപ്പുകൾ മുറിച്ച് പരസ്പരം വെൽഡ് ചെയ്ത് നിർമിക്കുന്ന ട്രസ്സ് പ്രവൃത്തിക്കുള്ള (Builtup ) നിരക്ക് ( 50.10.1)

ബി) സിംഗിൾ സെക്ഷൻ പ്രവൃത്തി (കട്ടിങ്ങ്, വെൽഡിംഗ് എന്നിവ താരതമ്യേന കുറവ്) ( 50.10.2)

ഗ്രാമ പഞ്ചായത്തിലെ താഴെ പറയുന്ന മേൽക്കൂര നിർമാണ പ്രവൃത്തിയിൽ മേൽക്കൂര സ്റ്റീൽ പൈപ്പ് ഉപയോഗിച്ച് നിർമിച്ചതിന് ട്രസ്സ് വർക്കിന് ബാധകമായ നിരക്കാണ് (Code 50.10.1) നൽകിയിട്ടുണ്ട്. എന്നാൽ ഇവിടെ സിംഗിൾ സെക്ഷൻ പ്രവൃത്തി മാത്രമാണ് ചെയ്തിട്ടുള്ളത് എന്ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ 27-9-2023 ന് പ്രവൃത്തി സ്ഥലം സന്ദർശിച്ചപ്പോൾ വ്യക്തമായി. ആയത് പ്രകാരം സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ബാധകമായ പ്രൈസ് അംഗീകൃത കോഡ് 50.10.2 ഡാറ്റ അനുസരിച്ചുള്ള നിരക്ക് മാത്രമാണ് നൽകാവുന്നത്. സിംഗിൾ സെക്ഷൻ പ്രവൃത്തിക്കുള്ള ഡാറ്റയിൽ (50.10.2) Steel Work For Purlin/single Section With GI Pipes Including Cutting, Hoisting, Fixing In Position.... എന്നാണ് പറയുന്നത്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം, ചെയ്ത അളവ് | നൽകിയ തുക (Code 50.10.1) | നൽകാവുന്ന തുക (Code 50.10.2) | അധികം |
|---|---|---|---|---|
| ഉദിരംപോയിൽ സ്കൂൾ മേൽക്കൂര ഷീറ്റിടൽ (217/23)<br>അടങ്കൽ: 200000 (MGNR)<br>TS: 78477/2022/8-11-22<br>കരാറുകാരൻ: ശ്രീ കെ എം ജോസഫ്<br>കരാർ: 25/22-23/30-1-23 (ER)<br>അളവ് പുസ്തകം: E- M Book<br>ചെലവ്: 199396രൂപ<br>BRN: 22151352029201418497/21-3-23<br>കോസ്റ്റ് ഇൻഡക്സ്: DSR 2018, 36.44%<br>അളവെടുത്ത തീയതി: 25-2-23 | ഇനം 2<br>339.00 Kg | 64776.12<br>@191.08/Kg | 51968.70<br>@153.30/kg | 15113 രൂപ<br>(12807.42 +GST 18% 2305.33 = 15112.75) |

ഷീറ്റ് മേയുന്നതിന് മേൽക്കൂര നിർമ്മിക്കുമ്പോൾ സിംഗിൾ സെക്ഷൻ പ്രവൃത്തികളായ വാൾ പ്ലേറ്റ്, കോമൺ റാഫ്റ്റർ എന്നിവയ്ക്ക് ബിൽറ്റപ്പ് സെക്ഷൻ പ്രവൃത്തിയുടെ നിരക്ക് നൽകിയത് ശരിയല്ല. മേൽ പ്രവൃത്തികൾക്ക് സിംഗിൾ സെക്ഷൻ പ്രവൃത്തികളുടെ നിരക്ക് മാത്രമെ നൽകാനാവൂ. ഈയിനത്തിന് അധിക നിരക്ക് നൽകിയതിന് വിശദീകരണം നൽകേണ്ടതും ഈയിനത്തിൽ അധികം നൽകിയ 15113 രൂപ ഈ ഈടാക്കി അറിയിക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ 34/30-9-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അധികം നൽകിയ 15113 രൂപ പ്രവൃത്തിയുടെ അളവെടുത്ത അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-29 ഹോമിയോ മരുന്ന് മുഴവനും ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്ട് | ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൽ (പ്രോജക്ട് നമ്പർ.35/2022-23) |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| അടങ്കൽ | 200000 (Maintanance Fund- Non Road) |
| ചെലവ് | 00000 |
| ബിൽ നമ്പർ | 22151352029400605311/30-9-22 |
| പ്രൊഫോർമ ഇൻവോയിസ് നമ്പർ | PF- 207/12-8-2022 |

മേൽ പദ്ധതി പ്രകാരം ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി ഹോംകോക്ക് മുൻകൂറായി 200000/- രൂപ നല്കിയിരുന്നു. എന്നാൽ നാളിതു വരെ മരുന്ന് മുഴവനായും സ്ഥാപനത്തിൽ ലഭ്യമായിട്ടില്ല. വിശദ വിവരം ചുവടെ

| ഇൻവോയ്സ് | മരുന്ന് ലഭിച്ചത് | ഇനിയുംലഭിക്കാനുള്ളത് |
|---|---|---|
| LF295/17-6.23 | 121197 | 21372 |
| LF 912/8-8-23 | 57431 | |
| ആകെ | 178628 | |

അവശേഷിക്കുന്ന 21372 രൂപയുടെ മരുന്ന് ലഭ്യമാക്കി സ്റ്റോക്കിൽ എടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 35/ 30-9-23, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-30 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി പദ്ധതി -രേഖകൾ ഹാജറാക്കിയില്ല.

പ്രോജക്ക്റ്റ് നം.260/23

ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി പദ്ധതി

വിനിയോഗിച്ച തുക – 8,86,101രൂപ

പ്ലാൻ (ജനറൽ ) - 1,86,108 രൂപ

ബ്ലോക്ക് ഷെയർ - 6,99,993 രൂപ

ടി ആർ എൻ . 221513000000006196/ 18.01.23 – 6,26,358 രൂപ

ടി ആർ എൻ . 221513000000006195/ 18.01.23 – 3612 രൂപ

ടി ആർ എൻ. 221513000000007907/18.03.23 – 70,023 രൂപ

ടി ആർ എൻ. 221513000000008124/30.03.23 – 1,86,108 രൂപ

നിർവ്വഹണം - ഡയറി എക്സ്റ്റെൻഷൻ ഓഫീസർ

2022 ഏപ്രിൽ മുതൽ 2023 ഫെബ്രുവരി വരെ മാസങ്ങളിൽ ചോക്കാട് ,മാളിയക്കൽ എന്നീ ക്ഷീരസഹകരണ സംഘങ്ങളിലെ കർഷകർക്ക് ലിറ്ററിന് മൂന്ന രൂപ നിരക്കിൽ പാലിന് സബസിഡി നൽകുകയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്.

എന്നാൽ സംഘങ്ങൾ സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയ പാലളവ് സ്റ്റേറ്റുമെന്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ ചോക്കാട് ഗ്രാമപഞ്ചായത്തിൽ സ്ഥിരതാമസക്കാരാണോ എന്നത് സംബന്ധിച്ച വിവരം, ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് സംബന്ധിച്ച വിവരം, ആധാർ കാർഡിന്റെ പകർപ്പ് എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. തൻമൂലം ഗ്രാമപഞ്ചായത്തിലെ അർഹരായ ഗുണഭോക്താക്കൾക്കു തന്നെയാണോ ആനുകൂല്യം ലഭിച്ചത് എന്ന് ഉറപ്പാക്കുവാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. പ്രസ്തുത രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കും ( നം. 6/2022-23/26.09.23 )മറുപടി ലഭ്യമാക്കിയില്ല. ചെലവുതുക 8,86,101രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-31 വിവാഹ ധനസഹായം (എസ് സി )- സർക്കാർ നിർദ്ദേശം പാലിച്ചില്ല.

പ്രോജക്റ്റ് നം. 242/23

വിവാഹ ധനസഹായം (എസ് സി )

വിനിയോഗിച്ച തുക –3,75,000 ( പ്ലാൻ -എസ് സി പി )

ബിൽ നം.01/22-23/20.09.22 -3,00,000 രൂപ

ബിൽ നം.4/22-23/17.10.22- 75,000 രൂപ

നിർവ്വഹണം - അസിസ്റ്റന്റ് സെക്രട്ടറി

പട്ടികജാതി വിഭാഗത്തിലെ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നൽകുകയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്.

സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ) നം.115/2022/ തസ്വഭവ തീ. 28.05.2022 ഖണ്ഡിക 7.2.1 പ്രകാരം വിവാഹത്തിന് 15 ദിവസം മുൻപോ, വിവാഹം കഴിഞ്ഞ് 180 ദിവസത്തിനകമോ വിവാഹ ധനസഹായത്തിന് അപേക്ഷ സമർപ്പിക്കണം. കാലപരിധിക്കകം അപേക്ഷിക്കാത്ത കേസുകൾ പരിശോധിച്ച് അനുമതി നൽകേണ്ടത് ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി കൂടിയായ ജില്ലാകളക്ടറാണ്. എന്നാൽ മിനി കക്കാടൻ ഒറവൻകുന്ന് മമ്പാട്ടുമൂല എന്ന വ്യക്തി വിവഹ ധനസഹായത്തിന് അപേക്ഷിക്കുന്നത് 12.07.22 നം പ്രസ്തുത വിവാഹം നടന്നത് 05.01.2022നുമാണ്. മേൽ വ്യവസ്ഥ പാലിക്കാതെയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ആനുകൂല്യം നൽകിയിത്. അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കും ( നം. 7/22-23/27.09.23)മറുപടി ലഭ്യമാക്കിയില്ല. അപാകതക്ക് വ്യക്തമായ കാരണം അറിയിക്കേണ്ടതാണ്. ഈ വിഷയത്തിൽ ജില്ലാ കളക്ടറിൽനിന്ന് സാധൂകരണം ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം മാരഗ്ഗരേഖക്ക് വിരുദ്ധമായി നടത്തിയ ധനവിനിയോഗം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി പരിഗണിച്ച് ഓഡിറ്റിൽ നടപടി സ്വീകരിക്കുന്നതാണ്.

## 1-32 എസ് എസ് എ വിഹിതം അടവാക്കൽ - വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

വിശദ വിവരം ചുവടെ ചേർക്കുന്നു.

1)പ്രോജക്റ്റ് നം. 80/23

എസ് എസ് എ വിഹിതം അടവാക്കൽ (ജനറൽ)

വിനിയോഗിച്ച തുക – 14,00,000 രൂപ (പ്ളാൻ -ജനറൽ )

ബിൽ നം. 13/22-23/ 12.09.22 – 14,00,000 രൂപ

നിർവ്വഹണം - സെക്രട്ടറി

പദ്ധതി പ്രകാരം 14,00,000 രൂപ എസ് എസ് എ വിഹിതം (ജനറൽ ) ഇനത്തിൽ സ്റ്റേറ്റ് പ്രോജക്റ്റ് ഡയറക്ടർ ,സമഗ്രശിക്ഷാ, കേരള ക്ക് നൽകിയിട്ടുണ്ട് .

2)പ്രോജക്റ്റ് നം. 80/23

എസ് എസ് എ വിഹിതം അടവാക്കൽ (എസ് സി പി )

വിനിയോഗിച്ച തുക – 2,00,000 രൂപ (പ്ലാൻ -എസ് സി പി )

ബിൽ നം. 14/22-23/ 12.09.22 – 2,00,000 രൂപ

നിർവ്വഹണം - സെക്രട്ടറി

പദ്ധതി പ്രകാരം 2,00,000 രൂപ എസ് എസ് എ വിഹിതം (എസ് സി പി) ഇനത്തിൽ സ്റ്റേറ്റ് പ്രോജക്റ്റ് ഡയറക്ടർ ,സമഗ്രശിക്ഷാ, കേരള ക്ക് നൽകിയിട്ടുണ്ട് .

2)പ്രോജക്റ്റ് നം. 81/23

എസ് എസ് എ വിഹിതം അടവാക്കൽ (ടി എസ് പി )

വിനിയോഗിച്ച തുക – 1,00,000 രൂപ (പ്ലാൻ - ടി എസ് പി )

ബിൽ നം. 15/22-23/ 12.09.22 – 1,00,000 രൂപ

നിർവ്വഹണം - സെക്രട്ടറി

പദ്ധതി പ്രകാരം 1,00,000 രൂപ എസ് എസ് എ വിഹിതം (ടി എസ് പി) ഇനത്തിൽ സ്റ്റേറ്റ് പ്രോജക്റ്റ് ഡയറക്ടർ ,സമഗ്രശിക്ഷാ, കേരള ക്ക് നൽകിയിട്ടുണ്ട് .

പതിനാലാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ(കൈ)നം.84/2022 /ത.സ്വ.ഭ.വ. തീയതി.19.04.2022) ഖണ്ഡിക 8.6(3) പ്രകാരം ഗ്രാമ പഞ്ചായത്തുകൾ ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.കെ. പ്രോജക്ടുകൾക്ക് വകയിരുത്തണം. എസ്.എസ്.കെ.(സമഗ്ര ശിക്ഷാ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷാ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. ഖണ്ഡിക 8.6(4) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്ര ശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രോജക്ട് ഓഫീസർ അറിയിക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് സമഗ്ര ശിക്ഷാ കേരളത്തിൽ നിന്നും കൃത്യമായി നൽകണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽപ്പെട്ട സ്കൂളുകളിൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.
അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 8/2022-23/ 27.09.23)മറുപടി ലഭ്യമാക്കിയില്ല. ചെലവുതുക 17,00,000രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-33 വിവിധ സർക്കാർ സ്കൂളുകളിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ പദ്ധതി - അപാകതകൾ

പ്രോജക്റ്റ് നം.265/23

വിവിധ സർക്കാർ സ്കൂളുകളിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ പദ്ധതി
അടങ്കൽ തുക:

വിനിയോഗിച്ച തുക – 6,08,000 രൂപ (മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം)

ബിൽനം. 9/2022-23/ 28.03.23 – 5,02,650

ബിൽനം. 10/22-23/ 28.03.23 – 1,05,350

നിർവ്വഹണം- ഹെഡ് മാസ്റ്റർ ജി എം എൽ പി സ്കൂൾ ,കല്ലാമൂല

പദ്ധതി പ്രകാരം സിഡ്കോ മഞ്ചേരി മുഖേന (ഇൻവോയിസ് നം. MJRI/22-23/391 തീ. 27.03. 23)താഴെ പറയുന്ന ഫർണ്ണീച്ചറുകൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നം. | ഇനം | നിരക്ക് | എണ്ണം |
|---|---|---|---|
| 1 | Steel Bench Wih Multiwood Seat And Back -Size 120x 30x 35 Cm | 3265 + 18% G S T | 55 |
| 2 | Steel Shelf Desk With Multiwood Top | 4480+ 18% G S T | 55 |

| | | | |
|---|---|---|---|
| | -Size 120x 40x 65 Cm | | |

പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകകൾ ചുവടെ ചേർക്കുന്നു.

1)സ.ഉ (സാധാ) നം. 67/2021/ എസ് പി ഡി തീ. 28.04.21 പ്രകാരം സർക്കാർ സ്ഥാപനങ്ങൾ SIDCO യിൽനിന്നും ഉപകരണങ്ങൾ വാങ്ങുമ്പോൾ SIDCO യുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ടതും SIDCO സ്വയം നിർമ്മിച്ചതുമായ മേൽ ഉത്തരവിനോടപ്പം അനുബന്ധമായി ചേർത്തിട്ടുള്ള SIDCO ഉല്പന്നങ്ങൾ മാത്രമാണ് വാങ്ങുന്നതിന് അനുവാദമുള്ളത്. അല്ലാത്തവയെല്ലാം സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമുള്ള ടെണ്ടർ/ക്വട്ടേഷൻ നടപടിക്രമങ്ങൾക്ക് വിധേയമായി മാത്രമേ സംഭരണം നടത്താവൂവെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ മേൽ ഉൽപന്നങ്ങൾ SIDCO സ്വയം നിർമ്മിച്ച മേൽ ഉത്തരവിനോടപ്പം അനുബന്ധമായി ചേർത്തിട്ടുള്ള SIDCO ഉല്പന്നങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടവയല്ല.

2) പ്രസ്തുത 55 വീതം ഡെസ്കുകളും ബെഞ്ചുകളും വിവിധ സ്കൂളുകളിലേക്ക് നൽകിയതിന്റെ കൈപ്പറ്റ് വിവരം പരിശോധനക്ക് ലഭ്യമായിട്ടില്ല.

3) ബിൽനം. 10/22-23/ 28.03.23 പ്രകാരം 1,05,350 രൂപ 2021-22 വർഷത്തിൽ സിഡ്കോ മുഖേന വാങ്ങിയ ഫർണ്ണീച്ചറുകളുടെ വില നൽകുവാനാണ് വിനിയോഗിച്ചിട്ടുള്ളത്. നടപടിക്ക് സർക്കാർ സാധൂകരണം വാങ്ങേണ്ടതാണ്. ആയത് വരെ ചിലവ് തുക തടസ്സത്തിൽ വെക്കുന്നു.
അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 18/22-23/29.09.23)മറുപടിയായി 55 വീതം ഡെസ്കുകളും ബെഞ്ചുകളും വിവിധ സ്കൂളുകളിലേക്ക് നൽകിയതിന്റെ കൈപ്പറ്റ് വിവരം ലഭ്യമാക്കി.മറ്റു അപാകതകൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കിയില്ല.

## 1-34 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങൽ പദ്ധതി - അപാകതകൾ

പ്രോജക്റ്റ് നം. 234/23

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങൽ പദ്ധതി - അപാകതകൾ
അടങ്കൽ തുക: 300000രൂപ

വിനിയോഗിച്ച തുക – 2,89,631 രൂപ

ബിൽ നം. 5/22-23/ 24.03.23 – 2,08,631 രൂപ (പ്ലാൻഫണ്ട് - ജനറൽ )

ബിൽനം. 4/22-23/ 24.03.23 – 81,000 രൂപ (പ്ലാൻഫണ്ട് - എസ് സി പി )

നിർവ്വഹണം - ഹെഡ്മാസ്റ്റർ ജി എം എൽ പി സ്കൂൾ കല്ലാമൂല

പദ്ധതി പ്രകാരം ആർട്ട്കോ മലപ്പുറം മുഖേന താഴെ പറയുന്ന വാങ്ങലുകൾ നടത്തിയിട്ടുണ്ട്.(ഇൻവോയിസ് നം.TSR39/06.03.23)

| ക്രമ നം. | ഇനം | നിരക്ക് | എണ്ണം |
|---|---|---|---|
| 1 | Anu 33- Steel Table With A Cub Board And Inner Shelves 30x 24x 30 | 3350 + G S T 18% | 59 |
| 2 | Anu 81- Steel Armless Chair With Cushioned Rubwood Seat | 9000+ G S T | 59 |

പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകകൾ ചുവടെ ചേർക്കുന്നു.

1) G O(Rt)No.19/2019/ എസ് പി ഡി തീ. 13.04.19 പ്രകാരം സർക്കാർ സ്ഥാപനങ്ങൾ ക്വട്ടേഷൻ ക്ഷണിക്കാതെ ARTCO യിൽനിന്നും ഉപകരണങ്ങൾ വാങ്ങുമ്പോൾ ARTCO യുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ടതും ARTCO സ്വയം നിർമ്മിച്ചതുമായ ഈ ഉത്തരവിനോടപ്പം അനുബന്ധമായി ചേർത്തിട്ടുള്ള ARTCO ഉല്പന്നങ്ങൾ മാത്രമാണ് വാങ്ങുന്നതിന് അനുവാദമുള്ളത്. അല്ലാത്തവയെല്ലാം സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമുള്ള ടെണ്ടർ/ക്വട്ടേഷൻ നടപടിക്രമങ്ങൾക്ക് വിധേയമായി മാത്രമേ സംഭരണം നടത്താവൂവെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ മേൽ പറഞ്ഞവ ARTCO സ്വയം നിർമ്മിച്ച മേൽ ഉത്തരവിനോടപ്പം അനുബന്ധമായി ചേർത്തിട്ടുള്ള ARTCO ഉല്പന്നങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടവയല്ല.

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 14/22-23/29.09.23) മറുപടി ലഭ്യമാക്കിയില്ല. അപാകതക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്. ആയത് വരെ ചിലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-35 സ്രാമ്പികല്ല് അങ്ങാടിയിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതി – അപാകതകൾ

സ്രാമ്പികല്ല് അങ്ങാടിയിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതി -അപാകതകൾ

പ്രോജക്റ്റ് നം. 34/23
അടങ്കൽ തുക

വിനിയോഗിച്ച തുക – 2,00,000 രൂപ (ധനകാര്യകമ്മീഷൻ ഗ്രാന്റ് )

വൗച്ചർ നം.22200807/07.03.23 - 2,00,000 രൂപ

നിർവ്വഹണം - സെക്രട്ടറി

സ്രാമ്പികല്ല് അങ്ങാടിയിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കലാണ് പദ്ധതിയിൽ വിഭാവനം ചെയ്തത് . ടെണ്ടർ കൂടാതെ കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനിയറിംഗ് കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനം മുഖേനയാണ് സപ്ലൈ ,സ്ഥാപനം, കമ്മീഷനിംഗ് എന്നീ പ്രവൃത്തികൾ (Non PMC) നടത്തിയിട്ടുള്ളത്. (എൽ ഇ ഡി മിനിമാസ്റ്റ് സിസ്റ്റം (150 വാട്സ് 6 എണ്ണം ) പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ജി.ഒ(പി)നമ്പർ 77/2019 ഫിൻ തിയതി 4.7.2019 പ്രകാരം കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനിയറിംഗ് കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനത്തെ ഇലക്ട്രോ മെക്കാനിക്കൽ വർക്സ് & ജനറൽ സിവിൽ കൺസ്ട്രക്ഷൻ വർക്ക്സിൽ പ്രൊജക്ട് മാനേജ്മെന്റ് കൺസൽട്ടൻസി (പി.എം.സി) ആയാണ് അംഗീകരിച്ചിട്ടുള്ളത് (ക്രമ നമ്പർ 33). ആയതിനാൽ പ്രസ്തുത സ്ഥാപനത്തിന് ഈ പ്രൊജക്ട് പ്രകാരമുള്ള പ്രവൃത്തി നേരിട്ട് ഏറ്റെടുത്ത് നടത്താൻ അനുവാദമില്ല. ജി.ഒ(പി)നമ്പർ 95/2017 ഫിൻ തിയതി 25.7.2017 ഉത്തരവ് പ്രകാരം PMC അടിസ്ഥാനത്തിൽ മാത്രമേ നിർവ്വഹണം നടത്താൻ അനുവാദമുള്ളൂ. എന്നാൽ ഗ്രാമപഞ്ചായത്ത്, Non PMC അടിസ്ഥാനത്തിൽ പ്രവൃത്തി സ്ഥാപനത്തിന് നൽകി മുഴുവൻ തുകയും സ്ഥാപനത്തിനാണ് നൽകുകയാണ് ചെയ്തിട്ടുള്ളത്. സർക്കാർ ഉത്തരവിന് വിരുദ്ധമായി Non PMC

അടിസ്ഥാനത്തിൽ പ്രവൃത്തി സ്ഥാപനത്തിന് നൽകിയതിനുള്ള അനുമതി ഉത്തരവ് ഹാജരാക്കുകയോ അല്ലാത്തപക്ഷം അപ്രകാരം നൽകിയതിന് വിശദീകരണം നൽകുകയോ ചെയ്യേണ്ടതാണ്.

2)PMC അടിസ്ഥാനത്തിൽ പ്രവൃത്തി സ്ഥാപനത്തെ തെരഞ്ഞെടുക്കുന്നതിനും ടെണ്ടർ നടപടികൾ സ്വീകരിച്ച് മെച്ചപ്പെട്ട സേവനം നൽകുന്ന,കുറഞ്ഞ സെന്റേജ് ചാർജ് ഓഫർചെയ്യുന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കേണ്ടതായിരുന്നെങ്കിലും. ഇവിടെയും ടെണ്ടർ നടപടികൾ സ്വീകരിക്കാതെയാണ് സ്ഥാപനത്തെ തെരഞ്ഞെടുത്തത്

3)കൂടാതെ, പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം (കെ എസ് ഇ ബിയിൽ നിന്നുള്ള പൂർത്തീകരണ സാക്ഷ്യപത്രം) ആയത് ആസ്തി രജിസ്റ്ററിൽ ചേർത്തതിന്റെ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല.

4)ഗവ.സർക്കുലർ നം. 60/2018/ധന. തീ.02.07.18 പ്രകാരം അക്രഡിറ്റഡ് ഏജൻസികൾ മിനിമാസ്റ്റ് ലൈറ്റിലെ പ്രധാന ഇനമായ ബൾബുകൾ വാങ്ങുന്നത് ജെം മുഖേനയാകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതും പാലിച്ചിട്ടില്ല.

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16 /2022-23/29.09.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവുതുക 2,00,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-36 തുല്യത പഠന പദ്ധതി- രേഖകൾ ലഭ്യമാക്കേണ്ടതാണ്.

പ്രൊജക്ട് : പത്താം ക്ലാസ് ,പ്ളസ്സ് തുല്യത പഠന പദ്ധതി

നം : 252/2023

അടങ്കൽ - 1,02,700 രൂപ (പ്ലാൻ ഫണ്ട് )

ബിൽ നം.6/22-23/22-03-2023 – 57,800

ബിൽ നം.7/22-23/22-03-2023 – 44,900

നിർവ്വഹണം - ഹെഡ് മാസ്ററർ ജി എൽ പി എസ് കല്ലാമൂല

മേൽ പ്രൊജക്ട് പ്രകാരം 29 പഠിതാക്കളുടെ പത്താംതരം തുല്യതാ പരീക്ഷാ ഫീസായി കേരളാ സ്റ്റേറ്റ് സാക്ഷരതാ മിഷന് 44,900 രൂപയും, 24 പഠിതാക്കളുടെ ഹയർ സെക്കണ്ടറി തുല്യതാ പരീക്ഷാ ഫീസായി കേരളാസാക്ഷരതാ മിഷന് 57,800 രൂപയും നൽകിയിട്ടുണ്ട്.

പഠിതാക്കൾ പരീക്ഷ എഴുതിയതിന്റേയും യോഗ്യത നേടിയതിന്റെയും വിവരം ലഭ്യമാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കുന്നത് വരെ ചിലവ് തുക തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം. 13/22-23/27.09.23 – മറുപടി ലഭ്യമാക്കിയില്ല. വിവരം ലഭ്യമാക്കുന്നതാണെന്ന് വാക്കാൽ അറിയിച്ചു. )

## 1-37 പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ ,ഫോട്ടോസ്റ്റാറ്റ് മെഷീൻ ഹൈസ്പീഡ് സ്കാനർ വാങ്ങൽ - പഴയ ഫോട്ടോസ്റ്റാറ്റ് മെഷീൻ ലേലം ചെയ്തില്ല

പ്രോജക്റ്റ് നം.337/23

പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ ,ഫോട്ടോസ്റ്റാറ്റ് മെഷീൻ ഹൈസ്പീഡ് സ്കാനർ വാങ്ങൽ പദ്ധതി
അടങ്കൽ തുക: 2,85,000രൂപ

വിനിയോഗിച്ച തുക – 2,84,893 രൂപ (പ്ലാൻ ഫണ്ട് -ജനറൽ )

ബിൽ നം.28/22-23 / 15.02.23 – 1,74,985 രൂപ

ബിൽ നം.29/22-23 / 15.02.23 – 1,09,908 രൂപ

നിർവ്വഹണം - സെക്രട്ടറി

പദ്ധതി പ്രകാരം പഞ്ചായത്ത് ഓഫീസിലേക്ക് 2 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ ,ഫോട്ടോസ്റ്റാറ്റ് മെഷീൻ എന്നിവ വാങ്ങിച്ചിട്ടുണ്ട്. ഉപയോഗത്തിലല്ലാത്ത പഴയ ഫോട്ടോസ്റ്റാറ്റ് മെഷീൻ ലേലം ചെയ്തിട്ടില്ല. അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കും ( നം. 28/22-23/30.09.23 )മറുപടി ലഭ്യമാക്കിയില്ല. ഉപയോഗത്തിലല്ലാത്ത പഴയ ഫോട്ടോസ്റ്റാറ്റ് മെഷീൻ ലേലം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-38 അസിസ്റ്റൻറ് എഞ്ചിനീയർക്ക് റീടെൻഷൻ തുക നൽകിയത് - തുക അർഹരായവർക്ക് നൽകിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

താഴെ പറയും പ്രകാരം വിവിധ വർക്കുകളുടെ കോൺട്രാക്റ്റേഴ്സ് റീടെൻഷൻ തുക അർഹരായവർക്ക് നൽകുന്നതിനായി

അസിസ്റ്റൻറ് എഞ്ചിനീയർക്ക് തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. തുക അർഹരായവർ കൈപ്പറ്റിയതിന്റെ വിവരം, ചെയ്ത പ്രവൃത്തിയുടെ വിവരം( വർക്ക് ബില്ലിന്റെ പകർപ്പ് ) എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

| ക്രമനം. | വൗച്ചർ നം. / തീയ്യതി | അനുവദിച്ച തുക |
|---|---|---|
| 1 | 22200360/19.09.22 | 15,397 |
| 2 | 22200719/27.02.23 | 13,067 |
| 3 | 22200749/ 27.02.23 | 5712 |
| 4 | 22200750/ 27.02.23 | 4223 |
| 5 | 22200722/17.02.21 | 15,397 |
| | ആകെ | 53,796 |

അപാകത പരാമർശിച്ച കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 29/22-23/30.09.23 ) മറുപടി ലഭ്യമാക്കുകയോ രേഖകൾ ലഭ്യമാക്കുകയോ ചെയ്തില്ല. രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക 53796/-രൂപ തടസ്സം ചെയ്യുന്നു.

## 1-39 വിവിധ തനത് ഫണ്ട് ചെലവുകൾ - രേഖകൾ ലഭ്യമാക്കേണ്ടതാണ്.

തനത്ഫണ്ടിൽ നിന്നും 2022-23 വർഷത്തിൽ സെക്രട്ടറി നടത്തിയിട്ടുള്ള താഴെ പറയുന്ന ചെലവുകൾക്ക് ആധാരമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | വൗച്ചർ നം./തീയ്യതി | ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|---|
| 1 | 22200238/22.07.22 | 10,000 | ഐ സി ഡി എസ് സൂപ്പർവൈസർക്ക് ഉവപ്പറ്റ അംഗനവാടി വൈദ്യുതീകരണത്തിന് കെ എസ് ഇ ബിയിൽ അടവാക്കാൻ അനുവദിച്ച തുക<br>- തുക അടവാക്കിയതിന്റെയും വൈദ്യുതീകരണം പൂർത്തീകരിച്ചതിന്റെയും വിവരം |
| 2 | 22200741/ 24.02.23 | 12,210 | ജില്ലാ ഓഫീസർ ഭൂജല വകുപ്പ് മലപ്പുറത്തിന് വിവിധ കടിവെള്ളപദ്ധതികളുടെ ഭൂജല സർവ്വേ നടത്തുന്നതിനായി അനുവദിച്ച തുക<br>- ഭൂജല സർവ്വേ നടത്തി റിപ്പോർട്ട് ലഭിച്ചതിന്റെയും തുടർ നടപടികൾ സിവീകരിച്ചതിന്റെയും വിവരം |
| 3 | 22200549/22.12.22 | 13,000 | ഭിന്നശേഷി ഗ്രാമസഭ നടത്തുന്നതിന് അനുവദിച്ച തുക<br>- ഭിന്നശേഷി ഗ്രാമസഭ നടത്തിയതിന്റെ വിവരം(ഹാജർ വിവരം ,മിനട്സ് ) |
| | ആകെ | 35,210 | |

അപാകതക പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26/30-09-2023 ) മറുപടി ലഭ്യമാക്കിയില്ല. ചെലവുതുക 35210 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-40 തെരുവ് വിളക്ക് പരിപാലനം പദ്ധതി -അപാകതകൾ

പ്രോജക്റ്റ് നം. 250/23

തെരുവ് വിളക്ക് പരിപാലന പദ്ധതി

അടങ്കൽ തുക:17,74,633/-രൂപ

വിനിയോഗിച്ച തുക – 8,24, 804 രൂപ (തനത് ഫണ്ട്)

വൗച്ചർ നം.22200835/24.03.23 - 8,24, 804 രൂപ

നിർവ്വഹണം - സെക്രട്ടറി

ഗ്രാമപഞ്ചായത്തിലെ 18 വാർഡുകളിൽ തെരുവ് വിളക്ക് പരിപാലനം എന്ന ഈ പ്രൊജക്ടിന്റെ നിർവ്വഹണം ടെണ്ടർ കൂടാതെ കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനിയറിംഗ് കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനം മുഖേനയാണ് നടത്തിയിട്ടുള്ളത്. (മേൽ 8,24, 804 രൂപയിൽ 20,620 രൂപ റീടെൻഷൻ തുകയും , 16,496 രൂപ ഐ ടിയും കഴിഞ്ഞ് ബാക്കി 7,87,688 രൂപയാണ് സ്ഥാപനത്തിന് നൽകിയിട്ടുള്ളത്)

പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ജി.ഒ(പി)നമ്പർ 77/2019 ഫിൻ തിയതി 4.7.2019 പ്രകാരം കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനിയറിംഗ് കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനത്തെ ഇലക്ട്രോ മെക്കാനിക്കൽ വർക്സ് & ജനറൽ സിവിൽ കൺസ്ട്രക്ഷൻ വർക്ക്സിൽ പ്രൊജക്ട് മാനേജ്മെന്റ് കൺസൽട്ടൻസി (പി.എം.സി) ആയാണ് അംഗീകരിച്ചിട്ടുള്ളത് (ക്രമ നമ്പർ 33). ആയതിനാൽ പ്രസ്തുത സ്ഥാപനത്തിന് ഈ പ്രൊജക്ട് പ്രകാരമുള്ള പ്രവൃത്തി നേരിട്ട് ഏറ്റെടുത്ത് നടത്താൻ അനുവാദമില്ല. ജി.ഒ(പി)നമ്പർ 95/2017 ഫിൻ തിയതി 25.7.2017 ഉത്തരവ് പ്രകാരം PMC അടിസ്ഥാനത്തിൽ മാത്രമേ നിർവ്വഹണം നടത്താൻ അനുവാദമുള്ളൂ. എന്നാൽ ഗ്രാമപഞ്ചായത്ത്, Non PMC അടിസ്ഥാനത്തിൽ പ്രവൃത്തി സ്ഥാപനത്തിന് നൽകി മുഴുവൻ തുകയും സ്ഥാപനത്തിന് നൽകുകയാണ് ചെയ്തിട്ടുള്ളത്. സർക്കാർ ഉത്തരവിന് വിരുദ്ധമായി Non PMC അടിസ്ഥാനത്തിൽ പ്രവൃത്തി സ്ഥാപനത്തിന് നൽകിയതിനുള്ള അനുമതി ഉത്തരവ് ഹാജരാക്കുകയോ അല്ലാത്തപക്ഷം അപ്രകാരം നൽകിയതിന് വിശദീകരണം നൽകുകയോ ചെയ്യേണ്ടതാണ്.

2)PMC അടിസ്ഥാനത്തിൽ പ്രവൃത്തി സ്ഥാപനത്തെ തെരഞ്ഞെടുക്കുന്നതിനും ടെണ്ടർ നടപടികൾ സ്വീകരിച്ച് മെച്ചപ്പെട്ട സേവനം നൽകുന്ന,കുറഞ്ഞ സെന്റേജ് ചാർജ് ഓഫർചെയ്യുന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കേണ്ടതായിരുന്നെങ്കിലും. ഇവിടെയും ടെണ്ടർ നടപടികൾ സ്വീകരിക്കാതെയാണ് സ്ഥാപനത്തെ തെരഞ്ഞെടുത്തത്.

3)ഗവ.സർക്കുലർ നം.3055/ഡി.എ 3/2011 തിയതി 15.09.2011 പ്രകാരം കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ വിവരശേഖരണം നടത്തേണ്ടതാണ് എന്ന് നിർദ്ദേശമുള്ളതാണ്. വിവിധ വാർഡുകളിലെ തെരുവ് വിളക്കുകൾ സംബന്ധിച്ച വിവരം പോസ്റ്റ് നമ്പർ ഉൾപ്പെടെ രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. എന്നാൽ ഏതിനം എന്നതു സംബന്ധിച്ചും എത്രയെണ്ണം പ്രവർത്തനക്ഷമമാണ് എന്നതു സംബന്ധിച്ചും വ്യക്തമായ വിവരം ശേഖരിക്കാതെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

സ്ഥാപനം നടത്തിയ അന്വേഷണത്തിൽ ഭൂരിഭാഗം വിളക്കുകളും 2X11 സി എഫ് എല്ലുകളാണെന്നും ആയതിന്റെ നിർമ്മാണം കമ്പനികൾ നിർത്തലാക്കിയതിനാൽ പരിപാലനം സാധ്യമാകില്ലെന്ന് അറിയിച്ചു. കൂടാതെ,2X11 സി എഫ് എല്ലുകൾ മാറ്റിസ്ഥാപിക്കുന്നതിനുള്ള നിരക്കും നൽകണമെന്ന് ആവശ്യം ഉന്നയിച്ചു.ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 13.12.22 ലെ 1(2) നം. തീരുമാനപ്രകാരം 24 വാട്സ് എൽ ഇ ഡി സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുവാനും 2X11 സി എഫ് എല്ലുകൾ മാറ്റിസ്ഥാപിക്കുന്നതിനുള്ള നിരക്ക നൽകുവാനും ഭരണസമിതി തീരുമാനിച്ചു.

പദ്ധതി മാർഗ്ഗരേഖ സ ഉ (കൈ) നം. 84/2022/ തസ്വഭവ തീ.19.04.2022 പ്രകാരം തദ്ദേശ ഭരണസ്ഥാപനങ്ങൾ പരമ്പരാഗത തെരുവ് വിളക്കുകൾ മാറ്റി എൽ ഇ ഡി ലൈറ്റുകൾ സ്ഥാപിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതാണെന്നിരിക്കെ ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളെ സംബന്ധിച്ച് വിവശേഖരണം നടത്താതെയും വ്യക്തമായ വിവരം തെരുവ് വിളക്ക സംബന്ധിച്ച രജിസ്റ്ററിൽ രേഖപ്പെടുത്താതെയും സി എഫ് എല്ലുകൾ പരിപാലത്തിനുള്ള പദ്ധതി തയ്യാറാക്കിയതിന് കാരണം വ്യക്തമാക്കേണ്ടതാണ്. കൂടാതെ, പദ്ധതി റീവൈസ് ചെയ്ത് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നേടാതെ പഴയ തെരുവ് വിളക്ക് മാറ്റി പുതിയ തെരുവ് വിളക്കുകൾ സ്ഥാപനത്തിനുള്ള പദ്ധതി നടപ്പാലാക്കിയതിനും കാരണം വ്യക്തമാക്കേണ്ടതാണ്.

4)ഗവ.സർക്കുലർ നം. 60/2018/ധന. തീ.02.07.18 പ്രകാരം അക്രഡിറ്റഡ് ഏജൻസികൾ പ്രധാന ഇനമായ ബൾബുകൾ ജെം മുഖേനയാകണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. ആയതും പാലിച്ചിട്ടില്ല.

5)357 എണ്ണം 24 വാട്സ് എൽ ഇ ഡി സ്ട്രീറ്റ് ലൈറ്റുകളുടെ വിലയും സ്ഥാപിക്കുവാനുള്ള ചാർജ്ജും, ഓട്ടോമാറ്റിക് സെൻസർസ്വിച്ച് 2.5 സ്ക്വയർമീറ്റർ അലുമിനിയം വയർ ചാർജ്ജ് 2X11 സി എഫ് എല്ലുകൾ മാറ്റിസ്ഥാപിക്കുന്നതിനുള്ള നിരക്ക്എന്നിവ ഉൾപ്പെടെയാണ് സ്ഥാപനത്തിന് തുക നൽകിയിട്ടുള്ളത്. പൂക്കോട്ടുംപാടം ,കാളികാവ് കെ എസ് ഇ ബി ഇലക്ടിക്കൽ സെക്ഷനുകളിൽ നിന്നും അനുമതിക്കായി കത്തു നൽകിയിട്ടുള്ളതും പൂക്കോട്ടുംപാടം സെക്ഷനിൽ നിന്നും അനുമതി ലഭ്യമായിട്ടുള്ളതുമാണ്. പ്രസ്തുത 357 എണ്ണം 24 വാട്സ് എൽ ഇ ഡി സ്ട്രീറ്റ് ലൈറ്റുകൾ ഏതു സെക്ഷനു കീഴിൽ സ്ഥാപിച്ചുവെന്ന് വ്യക്തമല്ല. സ്ഥാപിച്ചതു സംബന്ധിച്ച സാക്ഷ്യപത്രം ബന്ധപ്പെട്ട കെ എസ് ഇ ബി സെക്ഷനുകളിൽ നിന്നും ലഭ്യമാക്കാതെയാണ് സ്ഥാപനത്തിന് തുക നൽകിയിട്ടുള്ളത്. തൻമൂലം യഥാർത്ഥത്തിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ടോയെന്നതും സംബന്ധിച്ച് ഓഡിറ്റിന് ബോധ്യമായിട്ടില്ല. ബന്ധപ്പെട്ട കെ എസ് ഇ ബി സെക്ഷനുകളിൽ നിന്നും സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചതു സംബന്ധിച്ച സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ വകുപ്പ് വികേന്ദ്രീകൃതാസൂത്രണ സമിതിയുടെ സംസ്ഥാനതല കോർഡിനേഷൻ കമ്മറ്റിയുടെ (303/2021/SRG/LSGD/(C.C) (1)) 14.7.2021 ൽ നടന്ന യോഗത്തിലെ തീരുമാനം നമ്പർ (3-7) ൽ അക്രഡിറ്റഡ് ഏജൻസികൾ ബന്ധപ്പെട്ട വകുപ്പിന്റെ മേൽനോട്ടത്തിലല്ലാതെ പദ്ധതികൾ നേരിട്ട് ഏറ്റെടുത്ത് നടത്തുന്നത് നിയമവിരുദ്ധമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

കൂടാതെ, മേൽ 357 24 വാട്സ് എൽ ഇ ഡി സ്ട്രീറ്റ് ലൈറ്റുകളുടെ കെ എസ് ഇ ബി പോസ്റ്റിന്റെ നമ്പർ, വാട്സ്, വാർഡ് നമ്പർ, വിളക്കിന്റെ തരം, തുടങ്ങിയ വിവരങ്ങൾ ഇലക്ട്രിക്കൽ സെക്ഷന്റെ വിവരം എന്നിവ തെരുവിളക്കുകൾ സംബന്ധിച്ച് ഗ്രാമപഞ്ചായത്തിൽ പരിപാലിച്ച് പോരുന്ന രജിസ്റ്ററിലും ലഭ്യമല്ല.

6) പഞ്ചായത്ത് ഡയറക്ടറുടെ ഉത്തരവ് നം.ജി2-44274/2015 തി. 17.08.15 പ്രകാരം വാങ്ങുന്ന ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽചേർക്കണം. കേടായ സാധനങ്ങൾ അതാത് ദിവസം തന്നെ തിരികെ കൊണ്ടുവന്ന് Register Of Unserviceable Items ൽ ചേർക്കണം. ഒരു Maintainace Register സെക്രട്ടറി സൂക്ഷിക്കണം. ആയതിന്റെ കൃത്യത ഉറപ്പാക്കണം. ആയത് പാലിച്ചിട്ടില്ല.

അപാകതകൾ പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18 /2022-23/29.09.23)മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതിക്കായി വിനിയോഗിച്ച 8,24, 804 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-41 റേഷൻകടകളിൽ നിന്നും ഗ്രാമപഞ്ചായത്ത് ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കുന്നില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്). പട്ടിക I ക്രമ നമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ നാളിതുവരെ ലൈസൻസ് എടുത്തിട്ടില്ല. ലൈസൻസ് രജിസ്റ്ററിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ചുള്ള യാതൊരു വിവരവും ഉൾപ്പെടുത്തിയിട്ടില്ല. മാത്രമല്ല റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

പഞ്ചായത്ത് ഡയറക്ടർ 18.08.2017ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് അയച്ച സി4-25910/17 നമ്പർ കത്ത്, സിവിൽ സപ്ലൈസ് ഡയറക്ടർ ജില്ലാ സപ്ലൈ ഓഫീസർമാർക്ക് അയച്ച നമ്പർ (സി.എസ്.)എ9-764/2019 തിയതി: 22-01-2019, കത്ത് എന്നിവയിൽ റേഷൻകടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ല എന്ന് അറിയിച്ചിട്ടുള്ളതുമാണ്.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 12/2022-23/27.09.2023 ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ വിവരങ്ങൾ സഹിതം ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കി വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-42 അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകളിൽ 1,02,310 രൂപ നീക്കിയിരിപ്പ് - കാഷ് ബുക്ക് ക്രമപ്രകാരം പരിപാലിക്കുന്നിൽ വീഴ്ച

എൽ.എസ്.ജി.ഡി സെക്ഷൻ അസിസ്റ്റന്റ്. എഞ്ചിനിയറുടെ പേരിൽ പൂക്കോട്ടുംപാടം SBI ശാഖയിൽ ഉള്ള 41351145645നമ്പർ ബാങ്ക് അക്കൗണ്ടിൽ 31-03-23 ന് 60,938 രൂപയും(ഇ-ടെണ്ടർ തുക വരവ്), ചോക്കാട് കേരള ഗ്രാമീൺ ബാങ്ക് ശാഖയിൽ ഉള്ള 40238100108362 നമ്പർ ബാങ്ക് അക്കൗണ്ടിൽ 31-3-23 ന് 15,250 രൂപയും ട്രഷറി സേവിംഗ് ബാങ്ക് അക്കൗണ്ടിൽ (നം. 799011400005140) 30.04.2020ന് 26,122രൂപയും (നാളിതുവരെയുള്ള വിവരം ലഭ്യമാക്കിയിട്ടില്ല.)ചെലവഴിക്കാതെ അവശേഷിക്കുന്നതായി വ്യക്തമായി.

പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വസിഷൻ മുഖേന ആവശ്യപ്പെടുന്ന തുക മാത്രമാണ് മരാമത്ത് പ്രവൃത്തികൾക്ക് അനുവദിക്കുന്നത് എന്നതിനാൽ ഈ ഇനത്തിൽ അനുവദിക്കുന്ന തുക ചെലവഴിക്കാതെ അവശേഷിക്കാൻ പാടില്ല.

പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വസിഷൻ മുഖേന ആവശ്യപ്പെടുന്ന തുക, മരാമത്ത്

പ്രവൃത്തികൾക്കല്ലാതെ എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ ഓഫീസ് പ്രവർത്തനത്തിന് അനുവദിക്കുന്ന തുക , ടെണ്ടറിന്റെ ഭാഗമായി ടെണ്ടർ ഫീ, EMD എന്നിങ്ങനെ വിവിധ ഇനങ്ങളിലായി അക്കൗണ്ടുകളിൽ പണം വരാൻ സാധ്യതയുണ്ട്.

ബാങ്ക് അക്കൗണ്ടിൽ ചെലവഴിക്കാതെ പണം അവശേഷിക്കുന്നുണ്ട് എന്നതിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനം അനുവദിച്ച തുക/ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് വേണ്ടി ലഭിച്ച തുക അർഹരായ ആളുകൾക്ക് / വകുപ്പുകൾക്ക് നൽകുന്നതിൽ വീഴ്ച വന്നതായി കാണുന്നു.

ചെലവഴിക്കാൻഅവശേഷിക്കുന്ന തുക ഏതെല്ലാം ഇനത്തിൽ വരവ് വന്നതാണെന്ന് അറിയിക്കേണ്ടതാണ്.കൂടാതെ ഇ-ടെണ്ടർ തുക വരവ് വന്നത് ഗ്രാമപഞ്ചായത്ത് തനത്ഫണ്ടിലേക്ക് അടവാക്കി വിവരമറിയിക്കേണ്ടതാണ്.

അപാകതക്കൾ പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം. 24/22-23 /30.09.23 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വിവിധ വാർഡുകളിലെ ഡ്രൈനേജ് നിർമാണം എന്ന പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ കാരണം 11195 രൂപയുടെ അധികച്ചെലവ്.

നി.ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ.

വിവിധ വാർഡുകളിലെ ഡ്രൈനേജ് നിർമാണം എന്ന പദ്ധതി നിർവ്വഹണത്തിലെ . താഴെ കൊടുക്കുന്ന

1) കോൺക്രീറ്റ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി - നഷ്ടം 7270 രൂപ

ഡ്രൈനേജിന്റെ ബെഡ് കോൺക്രീറ്റിന്/ വിയറിംഗ് കോട്ട് കോൺക്രീറ്റിന് തെറ്റായ നിരക്ക് അനുവദിച്ചത് മൂലം അധികചെലവ് ഉണ്ടായിട്ടുണ്ട്. പ്രവൃത്തിയുടെ ഇനം 1 പ്രകാരം എർത്ത് വർക്ക് എസ്കവേഷൻ നടത്തുകയും, ഇനം (2) പ്രകാരം എസ്കവേഷൻ നടത്തിയ അതേ നീളത്തിലും വീതിയിൽ ബെഡ് കോൺക്രീറ്റ് ചെയ്യുകയുമാണ് ചെയ്തിട്ടുള്ളത്. കൂടാതെ ഡ്രൈനേജിന്റെ ഇരുവശങ്ങളിൽ സൈഡ് വാൾ നിർമിച്ചതിന് ശേഷം ഇനം (4) പ്രകാരം അവശേഷിക്കുന്ന വീതിയിൽ വിയറിംഗ് കോട്ട് കോൺക്രീറ്റ് ചെയ്തിട്ടുമുണ്ട്.

ഇനം (2)-ന് MoRD-ലെ 11.4.1.1 പ്രകാരമുള്ള നിരക്കും ഇനം (4)-ന് MoRD-ലെ 75.8.1.1 പ്രകാരമുള്ള നിരക്കുമാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത നിരക്ക് ഫോം വർക്ക് ആവശ്യമായിട്ടുള്ള സിമന്റ് കോൺക്രീറ്റ് പ്രവൃത്തിക്കുള്ളതാണ്. മേൽ പ്രവൃത്തിയിൽ എർത്ത് വർക്ക് എസ്കവേഷൻ നടത്തിയ അതേ നീളത്തിലും വീതിയിലും ബെഡ് കോൺക്രീറ്റ് ചെയ്യുകയും ഡ്രൈനേജിന്റെ ഇരുവശങ്ങളിൽ സൈഡ് വാൾ നിർമിച്ചതിന് ശേഷം അവശേഷിക്കുന്ന വീതിയിൽ വിയറിംഗ് കോട്ട് കോൺക്രീറ്റ് ചെയ്തതുമായതിനാൽ ഈ പ്രവൃത്തികൾക്ക് ഫോം വർക്ക് ആവശ്യമായി വരുന്നില്ല. ആയതിനാൽ 11.4.1.1, 75.8.1.1 എന്നീ ഡാറ്റയിൽ ഫോം വർക്കിന് വകയിരുത്തിയ തുക (ie 4%) കിഴിച്ചുള്ള നിരക്കാണ് നൽകേണ്ടത്. തെറ്റായ നിരക്ക് നൽകിയത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

| പദ്ധതി വിവരം | ചെയ്ത അളവ് | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം അനുവദിച്ചത് |
|---|---|---|---|---|
| വിവധ വാർഡുകളിലെ ഡ്രൈനേജ് നിർമാണം 70/23<br>അടങ്കൽ: 900800 രൂപ (CFC ഗ്രാന്റ്)<br>കരാറുകാരൻ: ശ്രീ | ഇനം (2)<br>11-4-1-1<br>20.28m3 | @ 6234.13/m3 (7841.67/m3-20.5% Tender Below) = 126428.16 | 5984.76/m3 (7528/m3 (ഫോം വർക്കിനുള്ള 4% കിഴിച്ച്)-20.5% Tender Below) = 121370.93 | 5057.22<br>+ 12% GST 606.86<br>ആകെ: 5664.08 |

| | | | | |
|---|---|---|---|---|
| സുൾഫീക്കറലി പി പി<br>കരാർ : 79/21-22 /10-3-22<br>M Book : 79/21-22<br>TS: 2021-22/13727 /24-2-22<br>Cost Index: 36.44%<br>ചെലവ് - 715515 രൂപ<br>വൗച്ചർ നമ്പർ: 1/22-23/10-5-22: Rs 615877<br>വൗച്ചർ നമ്പർ: 12/22-23/1-9-22: Rs 99638 | ഇനം(4) 75-8-1-1 5.40m3 | @ 6637.26/m3 (8348.76/m3-20.5% Tender Below) = 35841.20 | 6371.76/m3 (8014.80/m3 (ഫോം വർക്കിനുള്ള 4% കിഴിച്ച്)-20.5% Tender Below) = 34407.50 | 1433.70 + 12% GST 172.04 ആകെ: 1605.74 |
| | | | ആകെ | 7269.82 |

2) ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകി നഷ്ടം 3825/-രൂപ

മേൽ പ്രവൃത്തിയിൽ 16 ാം വാർഡിൽ 24.35x 0.25 X0.55 അളവിൽ Side Wall നിർമിച്ചിട്ടുണ്ട്. എന്നാൽ Side Wall നിർമിച്ച ഈ ഏരിയയിൽ ഇനം (4) പ്രകാരം (Code 75.8.1.1) 24.35 X 0.45 X 0.05 എന്ന അളവിൽ ഡ്രൈനേജിന് വിയറിംഗ് കോട്ട് കോൺക്രീറ്റ് ചെയ്തതായി അളവ് പുസ്തകത്തിൽ അളവ് രേഖപ്പെടുത്തി (പേജ് 14) കരാറുകാരന് തുക നൽകിയിട്ടുണ്ട്. എന്നാൽ ഈ സ്ഥലത്ത് Side Wall മാത്രമാണ് നിർമിച്ചിട്ടുള്ളത്. ഡ്രൈനേജ് നിർമിച്ചിട്ടില്ല. മാത്രമല്ല, ഈ പ്രവൃത്തി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുമില്ല. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താത്തതും പ്രവൃത്തി സ്ഥലത്ത് ചെയ്തിട്ടില്ലാത്തതും ചെയ്യേണ്ടാത്തതുമായ ഒരു പ്രവൃത്തി അളവ് പുസ്തകത്തിൽ ചെയ്തതായി രേഖപ്പെടുത്തി കരാറുകാരന് തുക നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്.

ഈ പ്രവൃത്തിക്ക് കരാറുകാരന് നൽകിയ 3924.99 രൂപ. {0.55 X 6371.76 (ഫോം വർക്കിനുള്ള 4% കിഴിച്ച നിരക്ക്) =3504.46 + 12% GST 420.53=3924.99} കരാറുകാരനിൽ നിന്നീടാക്കേണ്ടതുമാണ്.

മേൽ അപാകതക്കും കരാറുകാരന് ആകെ 11195 രൂപ (7269.82 + 3924.99) അധികം നൽകിയതിനും വിശദീകരണം നൽകേണ്ടതാണെന്നും അധികം നൽകിയ 11195 രൂപ തിരികെ ഈടാക്കേണ്ടതുമാണെന്നും ആവശ്യപ്പെട്ട് നൽകിയ 27/30-9-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതും അധികം നൽകിയ 11195 രൂപയിൽ ഇനം (1) പ്രകാരമുള്ള 7270 രൂപ (Rounded) എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും എസ്റ്റിമേറ്റിന് അംഗീകാരം നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായും ഇനം (2) പ്രകാരമുള്ള 3925 രൂപ (Rounded) ഇനം (4) പ്രകാരമുള്ള പ്രവൃത്തിയുടെ അളവെടുത്ത അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-2 ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകി; നഷ്ടം 4222 രൂപ

നിർവഹണ ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ്എഞ്ചിനീയർ

പ്രവൃത്തി: PHC ഓപൺ ജിം മേൽക്കൂര ഷീറ്റിടൽ 220/23

അടങ്കൽ: 150000 രൂപ ( MG-NR )

കരാറുകാരൻ: ശ്രീ സൈഫുള്ള കെ

കരാർ: 33/22-23/30-1-22 (ER)

ചെലവ്: 149897 രൂപ

BRN: 22151352029201256965/27-2-23

DSR 2018, C I 36.44%

മേൽ പ്രവൃത്തിയുടെ ഇനം (3) സ്റ്റീൽ മേൽക്കൂര പെയ്ന്റിംഗ് ചെയ്യുന്നതിനുള്ളതാണ്. എന്നാൽ ഈ പ്രവൃത്തി ചെയ്തിട്ടില്ലെന്ന് 27-9-2023 ന് അസിസ്റ്റന്റ്എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ വ്യക്തമായി. ഈയിനത്തിന് കരാറുകാരന് 4222.27രൂപ (24.859 M2 X 143.94/M2 = 3578.20 + 18% GST: 644.07 = 4222.27) നൽകിയിട്ടുണ്ട്. ചെയ്യാത്ത പ്രവൃത്തി ചെയ്തതായി അളവ് രേഖപ്പെടുത്തി കരാറുകാരന് തുക നൽകിയതിന് വിശദീകരണം നൽകേണ്ടതും കരാറുകാരന് നൽകിയ 4222.27രൂപ ഈടാക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ 31/30-9-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ കരാറുകാരന് അധികം നൽകിയ 4222 രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നീടാക്കേണ്ടതും ചെയ്യാത്ത പ്രവൃത്തി ചെയ്തതായി അളവ് രേഖപ്പെടുത്തി കരാറുകാരന് തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 3-3 റോഡ് കോൺക്രീറ്റിന് അധികനിരക്ക് നൽകി; 19379രൂപയുടെ അധികച്ചെലവ്.

നിർവഹണ ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

ഗ്രാമ പഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ നിർവ്വഹിക്കപ്പെട്ടതിൽ ചില പ്രവൃത്തികൾക്ക് 1:2:4 അനുപാതത്തിലുള്ള Cement Concreting ചെയ്തിട്ടുള്ളതിന് MORD സ്പെസിഫിക്കേഷൻ കോഡ് 75.8.1 പ്രകാരമുള്ള 8358.30/m3 (MORD-2018,C I 36.44%) എന്ന നിരക്കാണ് അനുവദിച്ചിട്ടുള്ളത്. ഇത് സൈഡ് ഷട്ടറിംഗ് ഉൾപ്പെടെയുള്ള നിരക്കാണ്. എന്നാൽ, 27-9-2023 ന് അസിസ്റ്റന്റ് എഞ്ചിനീയയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ താഴെ പറയുന്ന 2 പ്രവൃത്തികളിൽ സൈഡ് ഷട്ടറിംഗ് ഭാഗികമായി മാത്രമാണ് നടത്തിയിട്ടുള്ളതെന്ന് ബോധ്യപ്പെട്ടു. സൈഡ് ഷട്ടറിംഗ് ആവശ്യമില്ലാത്ത പ്രവൃത്തികൾക്ക് Observed Data പ്രകാരമുള്ള, സൈഡ് ഷട്ടറിംഗിനുള്ള നിരക്ക് കുറച്ച നിരക്കായ 8036.83/m3 രൂപയാണ് അനുവദിക്കാവുന്നത്. ആയതിന് പകരം MORD SOR 75.8.1 പ്രകാരമുള്ള നിരക്ക് നൽകിയത് വഴി താഴെ പറയും പ്രകാരം 13401രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

| 1 M3 ന് അധികം നൽകിയത് | |
|---|---|
| MORD 2018,Cost Index 36.44% പ്രകാരം | 8358.30-8036.83 = 321.47 രൂപ |

വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.നം | പദ്ധതി വിശദാംശം | ചെയ്ത അളവ് | അധികം നൽകിയ തുക |
|---|---|---|---|
| 1 | കേളനായർപടി ചേനപ്പടി റോഡ് കോൺക്രീറ്റ്, 322/23<br>അടങ്കൽ: 600000 രൂപ ( MG-NR )<br>കരാറുകാരൻ: ശ്രീ കെ എം ജോസഫ്<br>കരാർ: 45/22-23/7-2-22<br>ചെലവ്: 598402 രൂപ<br>BRN: 22151352029201418470/21-3-23<br>അളവ് പുസ്തകം: E-M Book<br>അളവെടുത്ത തീയതി: 12-3-23 | 57.425 M3 | 57.425m3x321.47 = 18460.41<br>(-)ടെണ്ടർ കുറവ്: 0.09%= 16.61<br>ബാക്കി: 18443.80<br>(+) 18% GST: = 3319.88<br>ആകെ: 21763.68<br>(കുറിപ്പ്: 39% (ആകെ 101 മീറ്ററിൽ 39 മീറ്റർ ചെയ്തു) സൈഡ് ഷട്ടറിംഗ് ചെയ്തിട്ടുണ്ട്. ആയതിനാൽ അധികം നൽകിയ തുക പരിമിതപ്പെടുത്തിയത്)<br>21763.68 X 61 % = 13275.84<br>Rounded: 13276രൂപ |
| 2 | വെണ്ണീറാം പോയിൽനമസ്കാരപള്ളി പുഴ റോഡ് കോൺക്രീറ്റ്, 305/23<br>അടങ്കൽ: 400000 രൂപ<br>( 348000-വികസനഫണ്ട്-ജനറൽ,2000-CFC ഗ്രാന്റ് )<br>കരാറുകാരൻ: ശ്രീ ഷാബിക്കലി ഒ<br>കരാർ: 4 2/22-23/30-1-23<br>ചെലവ്: 349627 രൂപ<br>BRN: 22151352029201246455/25-2-23: | 32.175 M3 | 32.175m3x321.47 = 10343.29<br>(+) 18% GST: = 1861.79<br>ആകെ: 12205.08<br>(കുറിപ്പ്: ഒരു ഭാഗം സൈഡ് ഷട്ടറിംഗ് ചെയ്തിട്ടുണ്ട്. ആയതിനാൽ അധികം നൽകിയ തുക പരിമിതപ്പെടുത്തിയത്)<br>12205.08 X 50 % = 6102.54<br>Rounded: 6103രൂപ |

| | | | |
|---|---|---|---|
| | 348000 രൂപ<br>വൗച്ചർ നമ്പർ 35/22-23/25-2-23: 1627രൂപ<br>അളവ് പുസ്തകം: E-M Book<br>അളവെടുത്ത തീയതി: 17-2-23 | | |
| | | ആകെ | 19379 രൂപ |

സൈഡ് ഷട്ടറിംഗ് ഭാഗികമായി മാത്രം ചെയ്ത പ്രവൃത്തിക്ക് ആയത് മുഴുവനായി ചെയ്തതിനുള്ള നിരക്ക് നൽകിയതിന് വിശദീകരണം നൽകേണ്ടതും അധികം നൽകിയ 19379/- രൂപ അതാത് പ്രവത്തിയുടെ കരാറുകാരിൽ നിന്നോ അല്ലാത്തപക്ഷം ഈ ഇനം പ്രവൃത്തിയുടെ അളവെടുത്ത ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതുമാണെന്നും മേൽ പ്രകാരം അധികനിരക്ക് നൽകിയതും സ്ഥലപരിശോധനക്ക് വിധേയമാക്കാത്തതുമായ അവശേഷിക്കുന്ന 29 പദ്ധതികൾ നിലവിലുള്ള അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധന നടത്തി സൈഡ് ഷട്ടറിംഗ് ചെയ്തിട്ടുണ്ടോ എന്ന് പരിശോധിച്ച് മേൽപ്രകാരം ഉടർ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതുമാണെന്നുമാവശ്യപ്പെട്ട് നൽകിയ 33/30-9-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ അധികം നൽകിയ 19379/- രൂപ ഈ ഇനം പ്രവൃത്തിയുടെ അളവെടുത്ത അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നീടാക്കേണ്ടതാണ്. കൂടാതെ, മേൽ പ്രകാരം അധികനിരക്ക് നൽകിയതും സ്ഥലപരിശോധനക്ക് വിധേയമാക്കാത്തതുമായ അവശേഷിക്കുന്ന 29 പദ്ധതികൾ നിലവിലുള്ള അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധന നടത്തി മേൽപ്രകാരം ഉടർ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

## 3-4 സ്റ്റീൽ മേൽക്കൂര നിർമമ്ാണത്തിന് അധിക നിരക്ക് നൽകി; നഷ്ടം 15113 രൂപ

GI പൈപ്പ് ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് പ്രൈസ് സോഫ്റ്റ്‌വെയർ പ്രകാരം രണ്ട് വ്യത്യസ്ത നിരക്കുകൾ അംഗീകരിച്ച് നൽകിയിട്ടുണ്ട്.

എ) വ്യത്യസ്ത തരം പൈപ്പുകൾ മുറിച്ച് പരസ്പരം വെൽഡ് ചെയ്ത് നിർമിക്കുന്ന ട്രസ്സ് പ്രവൃത്തിക്കുള്ള (Builtup ) നിരക്ക് ( 50.10.1)

ബി) സിംഗിൾ സെക്ഷൻ പ്രവൃത്തി (കട്ടിങ്ങ്, വെൽഡിംഗ് എന്നിവ താരതമ്യേന കുറവ്) ( 50.10.2)

ഗ്രാമ പഞ്ചായത്തിലെ താഴെ പറയുന്ന മേൽക്കൂര നിർമാണ പ്രവൃത്തിയിൽ മേൽക്കൂര സ്റ്റീൽ പൈപ്പ് ഉപയോഗിച്ച് നിർമിച്ചതിന് ട്രസ്സ് വർക്കിന് ബാധകമായ നിരക്കാണ് (Code 50.10.1) നൽകിയിട്ടുണ്ട്. എന്നാൽ ഇവിടെ സിംഗിൾ സെക്ഷൻ പ്രവൃത്തി മാത്രമാണ് ചെയ്തിട്ടുള്ളത് എന്ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ 27-9-2023 ന് പ്രവൃത്തി സ്ഥലം സന്ദർശിച്ചപ്പോൾ വ്യക്തമായി. ആയത് പ്രകാരം സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ബാധകമായ പ്രൈസ് അംഗീകൃത കോഡ് 50.10.2 ഡാറ്റ അനുസരിച്ചുള്ള നിരക്ക് മാത്രമാണ് നൽകാവുന്നത്. സിംഗിൾ സെക്ഷൻ പ്രവൃത്തിക്കുള്ള ഡാറ്റയിൽ (50.10.2) Steel Work For Purlin/single Section With GI Pipes Including Cutting, Hoisting, Fixing In Position.... എന്നാണ് പറയുന്നത്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം, ചെയ്ത അളവ് | നൽകിയ തുക (Code 50.10.1) | നൽകാവുന്ന തുക (Code 50.10.2) | അധികം |
|---|---|---|---|---|
| ഉദിരംപോയിൽ സ്കൂൾ മേൽക്കൂര ഷീറ്റിടൽ (217/23)<br>അടങ്കൽ: 200000 (MGNR)<br>TS: 78477/2022/8-11-22<br>കരാറുകാരൻ: ശ്രീ കെ എം ജോസഫ്<br>കരാർ: 25/22-23/30-1-23 (ER) | ഇനം 2<br>339.00 Kg | 64776.12<br>@191.08/Kg | 51968.70<br>@153.30/kg | 15113 രൂപ<br>(12807.42 +GST 18% 2305.33 = 15112.75) |

| | | | | |
|---|---|---|---|---|
| അളവ് പുസ്തകം: E- M Book<br>ചെലവ്: 199396രൂപ<br>BRN:<br>22151352029201418497/21-3-23<br>കോസ്റ്റ് ഇൻഡക്സ്: DSR 2018, 36.44%<br>അളവെടുത്ത തീയതി: 25-2-23 | | | | |

ഷീറ്റ് മേയുന്നതിന് മേൽക്കൂര നിർമ്മിക്കുമ്പോൾ സിംഗിൾ സെക്ഷൻ പ്രവൃത്തികളായ വാൾ പ്ലേറ്റ്, കോമൺ റാഫ്റ്റർ എന്നിവയ്ക്ക് ബിൽറ്റപ്പ് സെക്ഷൻ പ്രവൃത്തിയുടെ നിരക്ക് നൽകിയത് ശരിയല്ല. മേൽ പ്രവൃത്തികൾക്ക് സിംഗിൾ സെക്ഷൻ പ്രവൃത്തികളുടെ നിരക്ക് മാത്രമെ നൽകാനാവൂ. ഈയിനത്തിന് അധിക നിരക്ക് നൽകിയതിന് വിശദീകരണം നൽകേണ്ടതും ഈയിനത്തിൽ അധികം നൽകിയ 15113 രൂപ ഈ ഈടാക്കി അറിയിക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ 34/30-9-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അധികം നൽകിയ 15113 രൂപ പ്രവൃത്തിയുടെ അളവെടുത്ത അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 20.09.2023 മുതൽ 30.09.2023 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 900000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (40/22-23) | 900000 | 0 |
| | 114750 | ഞങ്ങളും കൃഷിയിലേക്ക് -സമഗ്ര നെൽകൃഷി വികസനം (158/22-23) | 114750 | 0 |
| | 699993 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡ് (260/22-2023) | 699993 | 0 |
| | 40000 | ലൈഫ് ഭവന പദ്ധതി-ജനറൽ – (375/22-23) | 40000 | 0 |
| | 400000 | ലൈഫ് ഭവന പദ്ധതി-SC – (376/22-23) | 400000 | 0 |
| ജില്ലാ പഞ്ചായത്ത് | 300000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (40/22-23) | 300000 | 0 |
| | 500000 | ലൈഫ് ഭവന പദ്ധതി-ഭൂമിയുള്ളവർക്ക് ഭവനം നൽകൽ – (199/22-23) | 500000 | 0 |
| | 10,00,000 | ലൈഫ് ഭവന പദ്ധതി ഫേസ് 3-ഭൂരഹിതർക്ക് ഭൂമി വാങ്ങൽ – ജനറൽ (200/22-23) | 10,00,000 | 00 |
| | 18,00,000 | ലൈഫ് ഭവന പദ്ധതി ഫേസ് 3-ഭൂരഹിതർക്ക് ഭൂമി വാങ്ങൽ – SCP (201/22-23) | 18,00,000 | 00 |

### 4-3 ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ ചെക്ക് വിവരങ്ങൾ.

| നിർവ്വഹണ | പ്രൊജക്ട് നം./പേര് | നം. | മുൻകൂർ | ചെലവ് | പൂർത്തീകരിച്ച | ചെലവഴിക്കാൻ |
|---|---|---|---|---|---|---|

| ഏജൻസി | | | തുക | | വിവരം | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 370/23 ചോക്കാട് കയറ്റം-ചോക്കാട കുന്ന് റോഡിലെ പോസ്റ്റ് മാറ്റൽ | 1766117/16-02-2023 | 17043 | --- | ഇല്ല | 17043 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.

ഇല്ല.

## 4-5 വായ്പ /വായ്പ തിരിച്ചടവ്.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി (HUDCO) | GO(MS)68/2018 /LSGD/ 18.05.18 | 21846131 | 20573036 | 3048723 | 0 | 39370444 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ.

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി.

ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച 54955/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2020-21 | 3-2 | 23751 | അസി.എഞ്ചിനിയർ | 1220202247/20.01.2023 |
| 2020-21 | 3-3 | 22288 | അസി.എഞ്ചിനിയർ | 1220202233/19.01.2023 |
| 2020-21 | 3-4 | 27534 | അസി.എഞ്ചിനിയർ | 1220202004/04.01.2023 |
| 2018-19 | 2-1 | 12328 | അസി.എഞ്ചിനിയർ | 1220204420/31.03.2023 |
| 2021-22 | 3-3 | 14261 | അസി.എഞ്ചിനിയർ | 1220203062/06.03.2023 |
| 2021-22 | 1-19 | 900 | മാവേലി സ്റ്റോർ | 1220202813/23.02.2023 |
| 2021-22 | 1-19 | 1590 | മാവേലി സ്റ്റോർ | 1220203003/03.03.2023 |
| 2021-22 | 1-19 | 3000 | അമീൻ ന്യൂട്രിമിക്സ് | 1220202945/28.02.2023 |
| 2021-22 | 1-23 | 2094 | അബ്ദുറഹിമാൻ | 1220202987/02.03.2023 |
| 2021-22 | 1-24 | 1607 | ക്രസന്റ് ഇംഗ്ലീഷ് മീഡിയം | 1220202299/27.01.2023 |
| 2021-22 | 1-24 | 1560 | ക്രസന്റ് ഇംഗ്ലീഷ് മീഡിയം | 1220202300/27.01.2023 |
| 2021-22 | 1-24 | 3495 | ക്രസന്റ് ഇംഗ്ലീഷ് മീഡിയം | 122020298/27.01.2023 |
| 2021-22 | 1-19 | 1093 | ഫിറ്റ് & ഫിക്സ് വസ്ത്ര വ്യാപാരം | 1220203472/15.03.2023 |
| 2021-22 | 1-19(1) | 615 | മാവേലി സ്റ്റോർ | 12202030034/03.03.2023 |

(AFS പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിലുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല. പ്രയർ പിരീഡ് ഇൻകം ഇനത്തിലാണ് ചേർത്തത് എന്ന വിവരം ലഭ്യമാക്കി)

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം.

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 249508705.4 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 185653889 |
| വരവിനങ്ങളിലുള്ള നഷ്ടം | : 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 49909 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 50,92,285 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 11195 | ശ്രീമതി ഷൈനി കെ പോൾ, അസിസ്റ്റന്റ് എഞ്ചിനീയർ<br>Rs 7560/-(3635+3925)<br>ശ്രീ അനിൽ കുമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ Rs 3635 |
| 3-2 | | 4222 | ശ്രീമതി ഷൈനി കെ പോൾ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | | 19379 | ശ്രീമതി ഷൈനി കെ പോൾ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | | 15113 | ശ്രീമതി ഷൈനി കെ പോൾ, അസിസ്റ്റന്റ് എഞ്ചിനീയർ |
| | ആകെ | 49909 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 17043 | ശ്രീമതി ഷൈനി കെ. പോൾ, എ.ഇ. |
| 1-30 | 8,86,101 | ശ്രീമതി. ദിവ്യ ജി.എൻ., ഡയറി എക്സ്റ്റെൻഷൻ ഓഫീസർ-629970രൂപ<br>ശ്രീമതി നസീമ കെ., ഡയറി എക്സ്റ്റെൻഷൻ ഓഫീസർ-256131രൂപ |
| 1-31 | 75000 | ശ്രീമതി ബിന്ദു.വി.നായർ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-32 | 17,00,000 | ശ്രീമതി ബിന്ദു.വി.നായർ, സെക്രട്ടറി |
| 1-33 | 608000 | ശ്രീ.മുഹമ്മദ് മുസ്തഫ, ഹെഡ്മാസ്റ്റർ |
| 1-34 | 289631 | ശ്രീ.മുഹമ്മദ് മുസ്തഫ, ഹെഡ്മാസ്റ്റർ |
| 1-35 | 2,00,000 | ശ്രീ.രവിശങ്കർ ടി.വി,സെക്രട്ടറി |

| | | |
|---|---|---|
| 1-36 | 102700 | ശ്രീ.മുഹമ്മദ് മുസ്തഫ, ഹെഡ്മാസ്റ്റർ |
| 1-38 | 53796 | ശ്രീമതി ഷൈനി കെ. പോൾ, എ.ഇ. |
| 1-39 | 35,210 | ശ്രീ.രവിശങ്കർ ടി.വി,സെക്രട്ടറി |
| 1-40 | 8,24,804 | ശ്രീ.രവിശങ്കർ ടി.വി,സെക്രട്ടറി -25210/-രൂപ<br>ശ്രീമതി ബിന്ദു.വി.നായർ, (സെക്രട്ടറി -ഇൻ ചാർജ്)-10,000/-രൂപ |
| ആകെ | 36,46,115 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ഷൈനി കെ പോൾ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ , ചോക്കാട് ഗ്രാമപഞ്ചായത്ത് | കൊട്ടോട്ടിൽ ഹൗസ്, പുത്തൻകുരിശ് (പി.ഒ), എറണാകുളം<br>682308 |
| ശ്രീ. അനിൽകുമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റൻ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ,കാളികാവ് ബ്ലോക്ക് പഞ്ചായത്ത് | യോഗത്ത് വീട്,മണ്ണാർമല (പി ഒ),പട്ടിക്കാട് , മലപ്പുറം ജില്ല. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 2001-02 | കെ.എസ്.എ.എം.പി.എം.26/2115/22 തി.21-10-2022 | 2 |
| 2002-03 | കെ.എസ്.എ.എം.പി.എം.26/2115/22 തി.21-10-2022(1) | 1 |
| 2003-04 | കെ.എസ്.എ.എം.പി.എം.26/2115/22 തി.21-10-2022(2) | 7 |
| 2004-05 | കെ.എസ്.എ.എം.പി.എം.26/2115/22 തി.21-10-2022(3) | 6 |
| 2005-06 | കെ.എസ്.എ.എം.പി.എം.26/2115/22 തി.21-10-2022(4) | 3 |
| 2006-07 | കെ.എസ്.എ.എം.പി.എം.26/2115/22 തി.21-10-2022(5) | 4 |
| 2007-08 | കെ.എസ്.എ.എം.പി.എം.26/2115/22 തി.21-10-2022(6) | 11 |
| 2008-09 | കെ.എസ്.എ.എം.പി.എം.26/2115/22 തി.21-10-2022(7) | 4 |
| 2009-10 | കെ.എസ്.എ.എം.പി.എം.26/2115/22 തി.21-10-2022(8) | 9 |
| 2011-12 & 2012-13 | കെ.എസ്.എ.എം.പി.എം.26/2705/19 തീയതി 03-03-2022 | 6 |

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 2013-14 & 2014-15 | കെ.എസ്.എ.എം.പി.എം.26/749/2020 തീയതി 18-07-2022 | 3 |
| 2015-16 | കെ.എസ്.എ.എം.പി.എം.26/749/2020 തീയതി 7-08-2023 | 5 |
| 2016-17 | കെ.എസ്.എ.എം.പി.എം.26/749/2020 തീയതി 19-07-2022 | 3 |
| 2017-18 | കെ.എസ്.എ.എം.പി.എം.26/749/2020 തീയതി 19-07-2022 | 8 |
| 2018-19 | കെ.എസ്.എ.എം.പി.എം.26/2266/21 തീയതി 14-09-2022 | 1 |
| 2019-20 | കെ.എസ്.എ.എം.പി.എം.26/2267/21 തീയതി 8-08-2023 | 7 |
| 2020-21 | കെ.എസ്.എ.എം.പി.എം.26/1237/23 തീയതി 14-06-2023 | 5 |
| 2021-22 | കെ.എസ്.എ.എം.പി.എം.26/2813/22 തീയതി 5-04-2023 | 11 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

എം.എ.10/2023

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 4(1) dated 20-07-2023 and submitted on 25-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Chokkad Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Chokkad Grama Panchayat for the year 2022-2023

Date: 01/11/2023

Deputy Director
District Office Malappuram
Kerala State Audit Department

## Audit Report appended to the Audit Certificate of Chokkad Grama Panchayat for the Year 2022-2023.

**1.Major Observations**

nil

**2.Other Observations**

1)The following mandatory financial statements prescribed in accounting rules are not submitted for audit

i. Ratios

ii. Notes on accounts

iii. Comparative amounts)

2)Asset Register is not upto date and hence not reliable for audit

3)Calculated Worksheet of Depreciation of Fixed Assets is not produced for verification.

4)Cashflow statement - Net increase in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

5)Total Expenditure of MGNREGS as per the documents produced by Secretary do not agree with A F S

6)Steps must be taken to forfeit Deposits having morethan 3 years old to own fund.

7)Grants for Specific Purposes -Health Grant towards conversion of PHCs and Subcenres into Health and Wellness Centres and Grant, Funds and Contributions For Specific Purposes -Other Goverment Agencies etc as per special A C R kept by Secretary do not tally with A F S

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ ചോക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്